13th YEAR
# വേദാഭിമാനി
Vol.13 | No.2 | കാർത്തികപ്പള്ളി | R.No. 7361/02 | 2013 FEBRUARY
വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി
e-paper : vedabhimani.com

## അദൃശ്യ ഹെൽമറ്റ്



കണ്ടാൽ കഴുത്തിൽ ചുറ്റിയ ഒരു സ്കാർഫ് അപകടം വന്നാലോ? ഊതി വീർപ്പിക്കുന്ന തലയിണപോലെ തലയെ പൊതിഞ്ഞു സൂക്ഷിക്കുന്ന ഹെൽമറ്റായി അതു മാറും. സ്വീഡനിലെ രണ്ടു ഡിസൈനിങ് വിദ്യാർത്ഥികളാണ് ഈ പുത്തൻ ഫാഷൻ ഹെൽമറ്റ് വികസിപ്പിച്ചത്. ഹെൽമെറ്റ് കൊണ്ട് സ്വന്തം മുഖത്തിന്റെ ചന്തം മറഞ്ഞുപോകുന്നു എന്ന് സങ്കടപ്പെടുന്നവർക്ക് ഇതുപയോഗിക്കാം. വില കേട്ട് ഞെട്ടരുത് – 600 ഡോളർ?

## ചൊവ്വയിലേക്ക് പോകാം

ഇരുപത് വർഷം കൊണ്ട് 80,000 പേരെ ചൊവ്വാ ഗ്രഹത്തിലേക്ക് അയയ്ക്കാനുള്ള പദ്ധതിയുമായി സ്വകാര്യ ബഹിരാകാശ യാത്രാ സംരംഭകൻ എലോൺ മസ്ക്. മസ്കിന്റെ സ്പേസ് എക്സ് എന്ന സംരംഭമാണ് ഒരാൾക്ക് അഞ്ചുലക്ഷം ഡോളർ നിരക്കിൽ ചൊവ്വാ യാത്ര വാഗ്ദാനം ചെയ്യുന്നത്. വെറുതെ വിനോദയാത്ര പോകാനല്ല. അവിടെ സ്ഥിരതാമസത്തിന് ഉതകുന്ന വീടുകൾ നിർമ്മിക്കുകയാവും ഇവരുടെ പണി.



## ദിവസം രണ്ട്, നില പത്ത്



വൈകിട്ട് 4.30ന് ഒരു കെട്ടിടത്തിന്റെ നിർമാണം ആരംഭിച്ചു. രണ്ട് ദിവസം കഴിഞ്ഞപ്പോൾ കെട്ടിടം റെഡി! ചെറുതൊന്നുമല്ല, പത്തുനില കെട്ടിടം തന്നെ. പഞ്ചാബിലെ മൊഹാലിയിലാണ് പത്തുനില കെട്ടിടം 48 മണിക്കൂർകൊണ്ട് നിർമ്മിച്ചത്. സംസ്ഥാന മുഖ്യമന്ത്രി സുഖ്ബീർസിങ് ബാദൽ ഈ സൂപ്പർ ഫാസ്റ്റ് കെട്ടിടത്തിന്റെ തറക്കല്ലിട്ടു.

## നടുറോഡിലെ പ്രതിഷേധം



ഹൈവേയിലെ ടോൾബുത്താണിതെന്ന് വിചാരിച്ചോ? അല്ല. ഇതൊരു വീടാണ്! ചൈനയുടെ കിഴക്കൻ പ്രവിശ്യയായ ഷെജിയാങ്ങിൽ വെൻലിങ് സിറ്റിയിലാണ്, റോഡിന് നടുവിലെ ഈ വീടും, വീട്ടിലെ നിസ്സഹായനായ താമസക്കാരനും! ഹൈവേ പണിയാനായി സർക്കാർ ഒഴിപ്പിച്ചെടുത്ത ഗ്രാമത്തിൽ ഒഴിഞ്ഞുപോകാൻ കൂട്ടാക്കാതിരുന്ന ഏക വീട്ടുകാരനാണ് ലുവോ ബോഗ്. ഒടുവിൽ അധികൃതർ നൽകിയ നഷ്ടപരിഹാരം വാങ്ങി, വീട് പൊളിച്ചുമാറ്റാൻ ബോഗ് സമ്മതിച്ചു.

## പൂച്ച മനുഷ്യൻ



അമേരിക്കയിലെ നെവാഡയിലുള്ള അമ്പത്തിനാലുകാരനായ ഡെന്നിസ് ആവ്നർക്ക് നാവിക സേനയിലെ ജോലിയിൽനിന്ന് പിരിഞ്ഞതിനുശേഷം പൂച്ചയെപ്പോലെയാകാനായിരുന്നു താൽപര്യം. ഇന്ത്യൻ കാട്ടുപൂച്ചയെപ്പോലെ രൂപം മാറാനായിരുന്നു അയാളുടെ ശ്രമം.

അതിനായി പൂച്ചയുടെ മീശയും ചെവിയും ഓപ്പറേഷനിലൂടെ വച്ചുപിടിപ്പിച്ചു. യാന്ത്രികമായൊരു വാലും സ്ഥാപിച്ചു. പൂച്ചയെപ്പോലെ ഉയർന്നിരിക്കുന്ന മേൽച്ചുണ്ട് സൃഷ്ടിക്കുന്നതിനായി അത് ഓപ്പറേഷനിലൂടെ കീറി വിടർത്തിയിരുന്നു. ചെവികൾ കൂർപ്പിച്ചുനിർത്തി. കവിളുകൾ സിലിക്കോൺ കൊണ്ട് സൃഷ്ടിച്ചു. കോമ്പല്ലുകൾ വച്ചുപിടിപ്പിച്ചു. മുഖമാകെ ടാറ്റു ചെയ്തു.

കാട്ടുപൂച്ചയുടെ വേഷമിടുകയും ഓപ്പറേഷനുകൾ നടത്തി അതിന് യോജിച്ച രീതിയിൽ മുഖം മാറ്റുകയും ചെയ്ത മനുഷ്യന് ഒടുവിൽ നിരാശ ബാക്കിയായി. സ്വയം കാട്ടുപൂച്ചയുടെ രൂപത്തിൽ ആയിട്ടും തൃപ്തിവരാതെ ഒടുവിൽ അയാൾ ജീവനൊടുക്കി.

മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ.

## പാൽ തുണി



പരുത്തി, പോളിയെസ്റ്റർ, പട്ടുനൂൽ... അങ്ങനെ പല വസ്തുക്കൾകൊണ്ടും വസ്ത്രങ്ങൾ ഉണ്ടാക്കാം അല്ലേ? എന്നാൽ പാലുകൊണ്ടും വസ്ത്രം നെയ്യാമെന്നു കേട്ടാലോ? അതെ, സംഗതി സത്യമാണ്!


ജർമനിയിലെ ആങ്കെ ഡൊമാസ്കെ എന്ന ഫാഷൻ ഡിസൈനറാണ് പാലുകൊണ്ട് വസ്ത്രമുണ്ടാക്കാമെന്ന് കണ്ടുപിടിച്ചത്. ക്യുമിൽക്ക് എന്നാണ് ആങ്കെ കണ്ടുപിടിച്ച പാൽത്തുണിയുടെ പേര്. പാൽ കുറുക്കി അതിലെ പ്രോട്ടീൻ നാരുരൂപത്തിലാക്കിയെടുത്ത് ആ നാരുകൾകൊണ്ടാണ് തുണി ഉണ്ടാക്കുന്നത്.

## കാൻസർ ക്യാമറ!



കാൻസർ നേരത്തെ കണ്ടുപിടിക്കാൻ സഹായിക്കുന്ന ക്യാമറയുമായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞർ. ഡിഫ്യൂസ് റിഫ്ളക്ടൻസ് ഇമേജിങ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുക. കോശങ്ങളിലെ ഓക്സിജനേറ്റഡ് ഹീമോഗ്ലോബിന്റെ അളവ് നോക്കി രോഗം കണ്ടുപിടിക്കാം. ബയോഫോട്ടോണിക്സ് ലബോറട്ടറിയിലെ ഡോ. എൻ. സുഭാഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കണ്ടുപിടുത്തത്തിന് പിന്നിൽ.

## വജ്രഗ്രഹം



ഭൂമിയുടെ ഇരട്ടിവലിപ്പം. അതിൽ മുഴുവനും വജ്രം! ഭൂമിയിൽ നിന്ന് 40 പ്രകാശവർഷം അകലെയാണ് ഈ പുതിയ ഗ്രഹത്തെ കണ്ടെത്തിയിരിക്കുന്നത്. 55 കാൻസ്രി ഇ എന്നു പേരിട്ടിരിക്കുന്ന ഗ്രഹത്തിന്റെ ആകെ പിണ്ഡത്തിന്റെ മൂന്നിലൊന്ന് വജ്രം കൊണ്ട് ഉണ്ടാക്കിയതാണത്രേ. പക്ഷേ അവിടത്തെ ചൂട് എത്രയെന്ന് അറിയാമോ – 1648 ഡിഗ്രി സെൽഷ്യസ്!

## ഓട്ടക്കാരൻ കുഞ്ഞാട്

ഇതാ, ഓട്ടത്തിന്റെ കാര്യത്തിൽ ‘നമ്പർ വൺ’ ആയ ഒരു ചങ്ങാതി! ലംബോർഗിനി എന്ന ഈ ചെമ്മരിയാട് ഒറ്റ സീസണിൽ എത്ര ഓട്ടമത്സരങ്ങളിലാണ് പങ്കെടുത്തതെന്നോ? 179 മത്സരങ്ങളിൽ! ഇതിൽ 165 എണ്ണത്തിലും ഒന്നാംസ്ഥാനത്തെത്തിയ ലംബോർഗിനി ‘ലോകത്തിലെ ഏറ്റവും വേഗമേറിയ ആട്’ എന്ന ബഹുമതിയുമായി ഗിന്നസ് ബുക്കിൽ ഇടംനേടിക്കഴിഞ്ഞു!




2011 ജനുവരിയിൽ ഇംഗ്ലണ്ടിലെ ബെക്കൺസ് ഫീൽഡിനടുത്തുള്ള ഓഡ്സ് ഫാം പാർക്കിലാണ് ലംബോർ ഗിനി ജനിച്ചത്. 2013 ജനുവരി ആകുമ്പോഴേ ലംബോർഗിനിക്ക് രണ്ടുവയസ്സ് തികയൂ. അതായത് ലംബോർഗിനി ഇപ്പോഴും ഒരു കുഞ്ഞാടുതന്നെ!

## കാർഡ്ബോർഡ് സൈക്കിൾ!

കാർഡ്ബോർഡ് കൊണ്ടൊരു സൈക്കിൾ എന്നു കേൾക്കുമ്പോൾ കളിപ്പാട്ടമാണെന്നല്ലേ വിചാരിക്കൂ? എന്നാൽ, ഇത് നല്ല ഒന്നാന്തരം സൈക്കിൾ തന്നെ! 220 കിലോ വരെ തൂക്കമുള്ളയാൾക്ക് കയറാം. വെള്ളം നനഞ്ഞാലും കേടാവില്ല. നിർമ്മിക്കാൻ ചെലവ് വെറും 10 ഡോളർ! ആൽഫ എന്നു പേരിട്ട ഈ സൈക്കിൾ നിർമ്മിച്ചത് അമേരിക്കക്കാരനായ ഇസാർ ഗഫാനിയാണ്.





# മനുഷ്യനും മൃഗതൃഷ്ണയും

നിത്യവും നമുക്കുചുറ്റും നടക്കുന്നതും, നടുക്കുന്നതുമായ നൂറുകണക്കിന് അനുഭവങ്ങൾ വാർത്തകൾ ആകാതെ പോകുന്നു. എന്നിട്ടും ചിലതൊക്കെ വാർത്തകളാകുന്നു. 100 രൂപയ്ക്ക് സ്വന്തം മകളെ നൽകി മറ്റുള്ളവർ അവളെ പീഡിപ്പിക്കുന്നതുകണ്ട് ആസ്വദിക്കുന്ന ഒരമ്മയെക്കുറിച്ചുള്ള വാർത്ത ഞെട്ടലോടെയാണ് വായിച്ചത്.

കൂട്ടുകാരുടെ കാമപൂർത്തീകരണത്തിനു നിന്നുകൊടുക്കാത്ത മാതാവിനെ മകൻ കഴുത്തുഞെരിച്ചു കൊല്ലുന്നു. പിതാവു മകളെ മാനഭംഗപ്പെടുത്തുന്നു. മക്കളെയും സഹോദരിമാരെയും കാഴ്ചവയ്ക്കുന്ന കുറ്റകൃത്യങ്ങൾ വർധിക്കുന്നു. പൊതുഇടങ്ങളിൽ സ്ത്രീകൾക്കു കടന്നുചെല്ലാൻ കഴിയുന്നില്ല. മതകേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും പെൺകുട്ടികളുടെ കന്യകാത്വം ചീന്തപ്പെടുന്നു. മക്കളെയും ഭർത്താവിനെയും ഉപേക്ഷിച്ചുള്ള ഒളിച്ചോട്ടങ്ങൾക്ക് വാർത്താപ്രാധാന്യം ഇല്ലാതായി. സവർഗഭോഗങ്ങൾക്കു നിയമപരിരക്ഷക്കുള്ള മുറവിളി ശക്തമാവുന്നു.

മദ്യവും മയക്കുമരുന്നും ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഘടകവും മാന്യതയുടെ ലക്ഷണങ്ങളുമാകുന്നു. സാമ്പത്തിക കുറ്റകൃത്യങ്ങളോടുള്ള പ്രതിഷേധം നേർത്തുകഴിഞ്ഞിരിക്കുന്നു. സമൂഹത്തിലെ ഉന്നതസ്ഥാനീയരായ പലരും കോടതി കയറുന്നതു നെറികേടുകളുടെ പേരിലാണ്.

ഭീഷണമാംവിധം കുറ്റകൃത്യവും ജീർണതയും സമൂഹമനസിനെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്നു. ചേരികളിലോ തെരുവിലോ വളരുന്ന സമൂഹത്തിൽ മാത്രമല്ല ചെറുപ്പം മുതലേ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നത്. ഭീതിതോന്നുന്ന കുടുംബ-സാമൂഹിക പശ്ചാത്തലം രൂപം പ്രാപിച്ചുവരുന്നതിന് ധാരാളം ഘടകങ്ങൾ സ്വാധീനശക്തിയായി വർത്തിക്കുന്നുണ്ട്. ധാർമിക സദാചാരബോധവും മൂല്യങ്ങളും വേരറ്റുപോയി. അധാർമ്മികതയും തിന്മയും കുറ്റകൃത്യങ്ങളും സമൂഹഗാത്രത്തിൽ മേധാവിത്വം പുലർത്താൻ ആരംഭിക്കുന്നതോടെ പതനം പൂർണതയിലേക്ക് നീങ്ങുകയാണ്. മൂല്യങ്ങളുടെ നഷ്ടത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ് അധഃപതനത്തിലേക്കുള്ള ചുവടുമാറ്റങ്ങളത്രയും.

ശുദ്ധപ്രകൃതത്തിലാണ് ഓരോ മനുഷ്യനും പിറവിയെടുക്കുന്നത്. സാഹചര്യങ്ങളാണ് അവന്റെ സ്വഭാവത്തെയും സംസ്കാരത്തെയും രൂപപ്പെടുത്തിയെടുക്കുന്നത്. ദൈവസൃഷ്ടികളിൽ മനുഷ്യന് മാത്രമാണ് വിവേചനശക്തി ലഭിച്ചത്. പൈശാചികത മനുഷ്യപ്രകൃതത്തിൽ ആധിപത്യം നേടുന്നതിലൂടെയാണ് അതിരുകളില്ലാത്ത കുറ്റകൃത്യങ്ങൾ പെരുകിവരുന്നത്.

ഭീതി ജനിപ്പിക്കും വിധം മനുഷ്യനിലെ പൈശാചികതയും കുറ്റകൃത്യപ്രവണതകളും പ്രകടമാവുമ്പോൾ ഒരുതരം താദാമ്യപ്പെടൽ സമൂഹത്തിൽ ശക്തിപ്രാപിച്ചുവരികയാണ്. അത്തരം താദാമ്യപ്പെടൽ മനസാണ് ന്യായങ്ങൾ നിരത്തി സംരക്ഷണവഴി സൃഷ്ടിക്കുന്നത്. തെറ്റായ ചില കീഴ്വഴക്കങ്ങളും ഇതിന്റെ ഭാഗമായി പൊതുസിദ്ധാന്തമായി രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

ഭദ്രതയും സുരക്ഷിതത്വവും സമാധാനവും തകർക്കും വിധം ജീർണത സമൂഹത്തിന്റെ അടിവേരിനെതന്നെ ബാധിച്ചു. ജീർണതകളോട് നിലപാട് സ്വീകരിക്കുന്നത് ആര് എന്നു നോക്കിയാണ് അനുകൂലവും പ്രതികൂലവുമായ സമീപനം ഉണ്ടായിവരുന്നത്. വ്യക്തിയും മതവും രാഷ്ട്രീയവും ജാതിയും പ്രദേശവും രാജ്യവും കുടുംബമഹിമയുംവരെ സമീപനം രൂപപ്പെടുത്തുന്നതിൽ ഘടകമായി വർത്തിക്കുന്നുണ്ട്. മേൽഘടകങ്ങളിൽ തങ്ങളുടെ ഇഷ്ടഗണത്തിൽപ്പെടാത്തതാവുമ്പോൾ എതിർക്കുക എന്നതാണിന്നിന്റെ പൊതുസിദ്ധാന്തം.

ഈയൊരു പരിസരത്ത് നിന്ന് വേണം സമൂഹത്തിന്റെ കാതലിനെതന്നെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ജീർണതകളേയും അതിനോടുള്ള പ്രതികരണങ്ങളേയും പരിശോധിക്കാൻ. തിരുത്താനും ശരിപ്പെടുത്താനും വേണ്ടിയുള്ള പ്രതികരണങ്ങൾക്കേ സമൂഹത്തെ സ്വാധീനിക്കാൻ കഴിയുകയുള്ളൂ. ഡൽഹിയിലെ കൂട്ടബലാൽസംഗ പശ്ചാത്തലത്തിൽ ഉയർന്നുപൊങ്ങുന്ന ധാർമികരോഷം ക്ഷണികമായിക്കൂടാ. എന്തു വികാരമാണ് ആ പൈശാചികതയോടു സമരം ചെയ്യാൻ നമ്മുടെ മനഃസാക്ഷി പ്രേരിപ്പിക്കുന്നത്, അത് എല്ലാവിധ തിന്മകൾക്കെതിരെയും ഉണ്ടായിവരേണ്ടതുണ്ട്. സൈന്യം നടത്തിയ കൂട്ടബലാൽസംഗത്തിനെതിരെയും ഇതുപോലുള്ള പ്രതിഷേധങ്ങൾ ഉയരേണ്ടതായിരുന്നുവെന്ന അരുന്ധതിറോയിയുടെ പ്രസ്താവന പ്രസക്തമാണ്. പ്രശ്നാധിഷ്ഠിത വൈകാരികതയാണ് പ്രതികരണങ്ങളായി രൂപം പ്രാപിക്കുന്നത് എന്ന വലിയ ദൗർബല്യത്തിന്റെ അടിമകളാണു നാം. വികാരവിക്ഷോഭത്തിനടിപ്പെട്ടു രൂപപ്പെട്ടുവരുന്ന ആത്മരോഷങ്ങൾക്ക് വലിയ പരിമിതികളുണ്ട്. താൽക്കാലിക പരിഹാരങ്ങളിൽ അത് അവസാനിക്കും. ഒപ്പം ദീർഘകാലത്തേക്കു നിലനിർത്താനാവില്ല. പരിഹാരങ്ങൾ സ്ഥായിയുമാവില്ല.

ഏതൊന്നും രൂപപ്പെട്ടുവരാനുള്ള സാഹചര്യങ്ങൾ പഠിക്കുകയും അതിനു പരിഹാരം കാണുകയും ചെയ്യുമ്പോൾ മാത്രമേ വേരറുത്തു കൊണ്ടു തിന്മയെ തടയാൻ സാധിക്കുകയുള്ളൂ. ധാർമിക സദാചാര മൂല്യങ്ങൾക്കു പവിത്രത കണക്കാക്കുന്നതാണ് ഇന്ത്യൻ സംസ്കാരം. മതങ്ങളും ദർശനങ്ങളും ഉന്നതമൂല്യങ്ങളുള്ള പവിത്രമായ സങ്കൽപ്പങ്ങളും ഔന്നത്യമുള്ള സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചു.

ശക്തമായ ധാർമികബോധത്തിന്റെ പിൻബലത്തിൽ നിലനിൽക്കേണ്ട സമൂഹഘടനയാണ് വിള്ളൽ സൃഷ്ടിക്കപ്പെട്ട് തകരുന്നത്. സമൂഹഘടനയിൽ സംഘത്തെക്കാൾ പ്രധാനപങ്ക് വ്യക്തിക്കുതന്നെയാണ് വഹിക്കാനുള്ളത്. സമൂഹഘടനയുടെ കേന്ദ്രബിന്ദു വ്യക്തിതന്നെയാണ്. തൊട്ടുപിന്നിൽ കുടുംബം. സൃഷ്ടിക്കുന്നതിലെ ദൈവയുക്തിയിൽനിന്ന് ഇതു വായിച്ചെടുക്കാനാവും. വിവേചനശക്തി ലഭിച്ച മനുഷ്യനെ സൃഷ്ടിക്കൽ ഒരിക്കലും സംഘമായല്ല. തിരിച്ചുപോക്കും ആവിധമല്ല. പുനരുദ്ധാരണവും വിചാരണയും വിധിതീർപ്പും എല്ലാം ഒറ്റക്കൊന്നാണു വിശ്വാസിസമൂഹം പഠിപ്പിക്കപ്പെടുന്നത്. വിയോജിപ്പുള്ള നിഷേധികളും യോജിക്കുന്ന പല കാഴ്ചകളും അതിനോടു ചേർന്നു നിൽക്കുന്നുണ്ട്. സമൂഹസഞ്ചാരപഥത്തിൽ വ്യക്തിയാണ് പ്രധാനഘടകം. തിരുത്ത് ആവശ്യമായി വരേണ്ടതും വ്യക്തികളിലെന്നർഥം.




ദിവസേന നമ്മൾ കണ്ടുതീർക്കുന്നതും വായിച്ചുതള്ളുന്നതും അനുഭവിച്ചറിയുന്നതും നന്മയുടെ പ്രചോദകങ്ങളാവുന്നില്ല. ദൃശ്യങ്ങളിലൂടെയും വായനയിലൂടെയും പകർന്നുകിട്ടുന്ന അനുഭവങ്ങൾ ഓരോ ദിനവും മനസാക്ഷിയെ നൊമ്പരപ്പെടുത്തുന്നതാണ്. പവിത്രമായ സങ്കൽപ്പങ്ങൾ തകർത്തെറിയുന്ന പ്രചോദകങ്ങളിലൂടെ ഊട്ടി വളർത്തുന്ന തലമുറ സമൂഹത്തിലെ നന്മയുടെ പ്രതീകങ്ങളാവുന്നില്ല.

സ്വാധീനഘടകങ്ങളാവേണ്ട മാതൃകകൾ അന്യമായിക്കൊണ്ടിരിക്കുന്നു. പ്രാഥമിക സദാചാരത്തിന്റെ ആദ്യപാഠങ്ങൾ പകരേണ്ട മടിത്തട്ടുകൾ പോലും നന്മചുരത്തുന്നില്ലെന്നുവന്നാൽ നട്ടുവളർത്തി ഫലം പറിച്ചെടുക്കാൻ തിന്മയാണ് ബാക്കിയാവുക. ബഹുമാനാദരങ്ങൾ ലഭിക്കേണ്ട മാതൃത്വത്തെ പ്രസവം പരസ്യമാക്കി അവമതിക്കുന്നതിലൂടെ ഉണ്ടാവുന്ന അപകടങ്ങളെയാണ് സാംസ്കാരികബോധമുള്ളവർ എതിർത്തത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മാത്രമല്ല, സദാചാരചർച്ചയുടെ പരിസരത്ത് ഉയരേണ്ടത്. ലൈംഗികതയും അതിർവരമ്പുകളും മാത്രമായിക്കൂടാ ഇതിന്റെ പരിധിയിലെത്തുന്നതും. മനുഷ്യനിലെ മാനുഷികത തകർന്നു മൃഗതൃഷ്ണശക്തിപ്പെടുന്നതിലൂടെയാണ് ഏതുവിധേനെയുമുള്ള കുത്തഴിച്ചിലുകൾക്ക് കളമൊരുങ്ങുന്നത്.

സമ്പത്തിനോടുള്ള അതിരുകളില്ലാത്ത ആർത്തി സൃഷ്ടിക്കുന്ന അസന്തുലിതത്വവും ജീർണതയ്ക്ക് ഗതിവേഗം വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. അധ്വാനമില്ലാതെ പണം കണ്ടെത്തുന്നതിന് എളുപ്പവഴികൾ തേടാനുള്ള ശക്തമായ സമ്മർദ്ദത്തിൽ വലിയൊരു വിഭാഗം വ്യാപൃതരാണ്. പണക്കൊഴുപ്പു സൃഷ്ടിക്കുന്ന ധാരാളിത്ത പരിസരം ഇല്ലാത്തവനിലും മത്സരബുദ്ധി സൃഷ്ടിക്കുന്നു. സൂക്ഷ്മതയും പക്വതയും മാതൃകയും ലഭിക്കേണ്ട കേന്ദ്രങ്ങളായി വിലയിരുത്തുകയും നിർബന്ധപൂർവ്വം ബഹുമാനം ജനങ്ങളിൽ നിന്ന് പിടിച്ചുവാങ്ങുകയും ചെയ്യുന്ന മത-ആത്മീയ ഭരണനേതൃത്വങ്ങൾ തിന്മയുടെ സഖ്യകക്ഷികളായിത്തീർന്നിരിക്കുന്നു. ഭൂമി കച്ചവടത്തിന്റെയും ദല്ലാൾ രാഷ്ട്രീയത്തിന്റെയും മാതൃകകളെ സമൂഹം കടംകൊള്ളുന്നതു പലപ്പോഴും ബഹുമാന്യവ്യക്തികളിൽ നിന്നാണ്.

ആത്മീയ സംതൃപ്തി തേടിയെത്തുന്ന പല കേന്ദ്രങ്ങളുടെയും ഉള്ളറകൾ കടുത്ത കൂരിരുട്ടിന്റെ സങ്കേതങ്ങളും കള്ളക്കച്ചവടങ്ങളുടെ ചന്തകളുമാണെന്നു വൈകാതെയുള്ള തിരിച്ചറിവിലേക്ക് ഓരോരുത്തരും എത്തിക്കൊണ്ടിരിക്കുന്നു.

അശാന്തിയുടെ ലോകത്ത് സമാധാനത്തിന്റെ തുരുത്തിലേക്കു തിരിച്ചുനടക്കുന്ന ശുദ്ധമനുഷ്യരെ അത്രയും വിപണനത്തിന് എങ്ങനെയാണ് ഉപയോഗിക്കാനാവുക എന്നിടത്താണ് ആത്മീയ വ്യാപാരസംഘങ്ങൾ നില ഉറപ്പിച്ചിരിക്കുന്നത്. ആഴത്തിൽ വേരോട്ടം സിദ്ധിച്ച ജീർണതയും പൈശാചികതയും ആത്മീയ കേന്ദ്രങ്ങളെ ഒരു ഘട്ടത്തിലും അസ്വസ്ഥമാക്കുന്നില്ല.

വേരറുത്തു പിഴുതുമാറ്റേണ്ട മാരകരോഗമാണ് സമൂഹത്തെ ബാധിച്ചുകഴിഞ്ഞത്. മനസറിഞ്ഞു രോഗം ചികിത്സിക്കേണ്ട ഭിഷഗ്വരന്മാരെയും ചികിത്സാരീതിയുമാണ് സമൂഹം പ്രതീക്ഷിക്കുന്നത്.

മൂല്യങ്ങളുടെ നഷ്ടത്തിൽനിന്നുത്ഭവിക്കുന്നതാണ് അധാർമ്മികതയും തിന്മയും കുറ്റകൃത്യങ്ങളും. ആത്മീയത നഷ്ടമാകുമ്പോഴാണ് മൂല്യച്യുതിയുണ്ടാകുന്നത്. യഥാർഥ ആത്മീയതയിലേക്ക് വന്നെങ്കിൽ മാത്രമേ മനുഷ്യന്റെ മൃഗീയ സ്വഭാവത്തിന് മാറ്റം വരികയുള്ളൂ. ബൈബിളിൽ മാത്രമാണ് മൃഗതൃഷ്ണയുള്ള മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നത്. യേശുവിലൂടെ മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പൂർണ്ണമായി പരിഹാരം കാണുവാൻ കഴിയും. ദൈവവചനത്തിൽ അധിഷ്ഠിതമായി, ക്രിസ്തുവിലൂടെ ഒരു പുതിയജീവിതം രൂപപ്പെടുത്തുവാൻ എപ്പോൾ കഴിയുമോ, അപ്പോൾ മാത്രമേ നന്മയുടെ നട്ടുനനയ്ക്കൽ സാധ്യമാകൂ.

**വേദാഭിമാനി**
FEBRUARY

ചെയർമാൻ
**ടി. എം. വർഗ്ഗീസ്**

ചീഫ് എഡിറ്റർ
**ടൈറ്റസ് കാർത്തികപ്പള്ളി**

മാനേജർ
**എബ്രഹാം മത്തായി (സണ്ണി)**

പബ്ലിഷർ
**കെ.സി.വർഗ്ഗീസ്, കല്ലുമണ്ണിൽ**

കോ - ഓർഡിനേറ്റർ
**തോമസ് വർക്കി**

വാർഷിക വരിസംഖ്യ
ഇന്ത്യ - Rs. 100
യു. എസ്. എ. - $25
മറ്റു രാജ്യങ്ങൾ - Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള - 690 516







**അ**യാൾ ഒരു സാധാരണക്കാരനാണ്; അധികം പഠിപ്പില്ല. ഭാര്യയോടും മക്കൾ രണ്ടുപേരോടുമൊപ്പം സന്തോഷപൂർവം ജീവിക്കുന്നു. രാജേഷ് എന്ന അയാൾ അച്ഛൻ സ്ഥലം വാങ്ങി നിർമ്മിച്ച കെട്ടിടത്തിലാണ് ബിസിനസ് നടത്തുന്നത്. വലിയ ബിസിനസൊന്നുമല്ല; ചെറുകിടപലചരക്കുവ്യാപാരം. "നല്ല മനുഷ്യൻ"; നാട്ടുകാരൊക്കെ അയാളെക്കുറിച്ച് പറയുന്നതങ്ങനെയാണ്. ഞാൻ അയാളെ പരിചയപ്പെടുന്നത് ഒരു മഴക്കാലത്താണ്. യാത്രയ്ക്കിടയിൽ പെട്ടെന്നു മഴ പെയ്തപ്പോൾ കയറിനിന്നതാണാ കടയിൽ.

മക്കളിൽ മൂത്തവൾ സുനിത. പത്താംക്ലാസ്സിൽ പഠിക്കുന്നു. അയാൾതന്നെയാണ് തന്റെ മകളെ ട്യൂഷൻക്ലാസിൽ കൊണ്ടാക്കുന്നത്. ട്യൂഷനുശേഷം വീട്ടിൽനിന്നു കരുതിയ പ്രഭാതഭക്ഷണം കടയിലിരുന്നുതന്നെ കഴിച്ചിട്ടാണ് അവൾ സ്കൂളിലേക്ക് പോകുന്നത്. അച്ഛനായ രാജേഷിന് തന്റെ മകളെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ്. "അടക്കവുമൊതുക്കവുമുള്ളവൾ, ഭക്ത, കഠിനാധ്വാനി" അങ്ങനെയൊക്കെയാണ് അയാൾ അവളെക്കുറിച്ച് പറയുന്നത്. ഇളയവനായ ഗോകുലും ചേച്ചിയെപോലെ തന്നെ സ്വഭാവഗുണങ്ങൾ ഉള്ളവനാണെന്നാണ് അയാളുടെ പക്ഷം. ഹൈന്ദവനായ രാജേഷിന്റെ കുടുംബത്തിൽ ബൈബിൾ വായനയുമുണ്ട്. ബൈബിളിന്റെ വെളിച്ചത്തിൽ കുട്ടികളെ ഉപദേശിക്കാൻ കഴിഞ്ഞാൽ അവർ വഴിപിഴച്ചുപോകില്ലെന്നാണ് അയാളുടെ അഭിപ്രായം. ട്യൂഷൻ സെന്ററിലേക്ക് തന്റെ മകളേയും കൂട്ടി നടക്കുമ്പോൾ അച്ഛൻ മകൾക്ക്, സദുപദേശങ്ങൾ നല്കും. സുനിത അവ സശ്രദ്ധം ശ്രവിക്കും. പഠനത്തിലും പെരുമാറ്റത്തിലും മികവു പുലർത്തുന്ന തന്റെ മകളും, ചേച്ചിയെ കണ്ടു പഠിക്കുന്ന മകനും അരുതാത്തതൊന്നും ചെയ്യില്ലെന്നും, അരുതാത്ത വഴികളിലേക്കു പോകില്ലെന്നും രാജേഷ് ഉറപ്പിച്ചു പറയുന്നു.

'മക്കൾ കൈവിട്ടു പോകുന്നു' എന്നു പറയുന്ന മാതാപിതാക്കൾക്ക് അനുകരണീയമായ മാതൃക നല്കുന്നവനായി രാജേഷിനെ കാണാം. തന്റെ മകളോട് അയാൾ പുലർത്തുന്ന ബന്ധവും പ്രകടമാക്കുന്ന പിതൃസഹജമായ സ്വാതന്ത്ര്യവും അവളുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു. കുഞ്ഞുങ്ങളുടെ കൂടെയുള്ള മാതാപിതാക്കളുടെ ഇരിപ്പും നടപ്പും ഇന്ന് എത്രകണ്ട് കുട്ടികളെ അവരുടെ ജീവിതത്തിൽ സ്വാധീനിക്കുന്നുണ്ട്? ദുർമാതൃകകളുടെ അവതാരങ്ങളായി കുട്ടികളുടെ മുമ്പിൽ മാതാപിതാക്കൾ ഇന്നു മാറുമ്പോൾ എത്രമാത്രം നമുക്കവരെ അവരുടെ വീഴ്ചകളിൽ പഴിക്കാനാവും?

മക്കളോട് മാതാപിതാക്കൾ പുലർത്തേണ്ട ആരോഗ്യകരമായ ബന്ധം അവരുടെ ജീവിതവളർച്ചയിൽ ഒഴിച്ചുകൂടാനാവാത്തതാണ്. അനുഭവസമ്പന്നരായ മാതാപിതാക്കൾ മക്കൾക്ക് നല്കുന്ന അനുഭവപാഠങ്ങൾ ഏറെ വിലമതിക്കപ്പെടേണ്ടതാണ്. മക്കളുടെ വളർച്ചയിൽ അവർ വഹിക്കേണ്ട സ്ഥാനങ്ങൾ സുഹൃത്തുക്കളും മാധ്യമങ്ങളും മറ്റും കൈയടക്കുമ്പോൾ നമ്മുടെ കുട്ടികൾ എത്തിപ്പെടേണ്ട ഇടങ്ങളിൽ എത്തില്ലെന്നു മാത്രമല്ല, എത്താൻ പാടില്ലാത്ത ഇടങ്ങളിലേക്ക് എത്തപ്പെടുകയും ചെയ്യും. ഇത്തരത്തിൽ മക്കൾ കൈവിട്ടുപോയ എത്രയോ മാതാപിതാക്കളുണ്ട് നമ്മുടെയിടയിൽ. മക്കളെ സംബന്ധിച്ച് അപകടങ്ങൾ ഉണ്ടായശേഷം പരിഹാരങ്ങൾ തേടിയിറങ്ങിയിട്ടെന്തു കാര്യം. അനേകം കുടുംബങ്ങളുടെ അനുഭവ പാഠങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ മക്കളുടെ വളർച്ചയെ സംബന്ധിച്ചും അവരുടെ ഭാവിയെ സംബന്ധിച്ചും പക്വമായ തീരുമാനങ്ങളെടുക്കാനും അവ കുട്ടികളുടെതന്നെ സഹകരണത്തോടെ പ്രവൃത്തിപഥത്തിലെത്തിക്കാനും നമുക്ക് സാധിക്കും. വചനാനുഭവത്തിലും പ്രാർത്ഥനയിലും മാതാപിതാക്കളോടൊപ്പം വളരുന്ന കുട്ടികളാരും വഴിപിഴച്ചുപോകില്ല എന്നതും തലമുറകൾ നല്കുന്ന പാഠമാണ്.

## നിരക്ഷരനായ ചക്രവർത്തി



**അ**ക്ഷരാഭ്യാസമില്ലാത്തത് മറ്റുള്ളവരെ അറിയിക്കാതെ നടന്ന ഒരു റോമൻ ചക്രവർത്തിയെക്കുറിച്ചു കേട്ടോളൂ.

ക്രിസ്തുവർഷം 742 മുതൽ 814 വരെ റോം ഭരിച്ചിരുന്ന കാറൽമാൻ എന്ന ചക്രവർത്തിയാണ് ഒഴിവു സമയങ്ങൾ എഴുതി പഠിപ്പിക്കാനായി ഉപയോഗിച്ചിരുന്നത്.

ആദ്ദേഹത്തിന്റെ ഭാഷ ജർമാനിക് ആയിരുന്നു. പഴയ ട്യൂട്ടോണിക്, ലത്തീൻ എന്നിവ സംസാരിക്കാനും ഗ്രീക്കു ഭാഷ മനസ്സിലാക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു എങ്കിലും എഴുതാൻ അറിഞ്ഞിരുന്നില്ല.

ഒറ്റക്കിരിക്കുമ്പോൾ താൻ എഴുതി പഠിപ്പിച്ചിരുന്നതെല്ലാം ഒരു തലയിണയ്ക്കു കീഴിൽ ചക്രവർത്തി ആരും കാണാതെ സൂക്ഷിച്ചുവച്ചു. ഒരു ചക്രവർത്തിയായ താൻ നിരക്ഷരനാണെന്ന് പുറത്തറിഞ്ഞാൽ നാണക്കേടല്ലേ? രഹസ്യമായ ഈ എഴുത്തു പരിശീലനം കൊണ്ട് അദ്ദേഹത്തിന് കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല.

പിന്നീട് അദ്ദേഹത്തിന്റെ മരണശേഷം തലയിണക്കു കീഴിൽ നിന്നും കണ്ടെടുത്ത കടലാസുകളിലെ അക്ഷരങ്ങൾ കണ്ട് അദ്ദേഹത്തിന്റെ ബന്ധുക്കൾ മൂക്കത്തു വിരൽ വെച്ചു പോയി. കൊച്ചുകുട്ടികളുടേതിലും മോശവും വികൃതവുമായിരുന്നു ആ കൈപ്പട! ഒപ്പം ധാരാളം തെറ്റുകളും!

## ദേവസ്യയുടെ കഥ!

**മ**ലയാള പദ്യങ്ങളെ പാശ്ചാത്യർക്ക് പരിചയപ്പെടുത്തിക്കൊടുത്ത ഓസ്ട്രിയൻ മിഷനറിയായിരുന്നു പൗളിനോസ് കത്തനാർ. പത്തിരുനൂറു കൊല്ലങ്ങൾക്കു മുമ്പ് മിഷനറി പ്രവർത്തനങ്ങൾക്കായി കേരളത്തിലെത്തിയ അദ്ദേഹം, സംസ്കൃതം പഠിച്ച് 'ദേവസ്യ ഷഷ്ഠഗാനം', എന്ന പേരിൽ ക്രിസ്തുവിനെപ്പറ്റി ഒരു ലഘുകാവ്യം രചിച്ചു. ഹൈന്ദവകീർത്തനങ്ങളുടെ രീതിയിൽ എഴുതിയ അതിലെ ചില വരികൾ കേൾക്കൂ.

'ലോകത്തിൽ ലോപ, ഹന്ദ സർവ്വ മംഗളമാണ്ട
ലോല, ധരാപാലക! ലൗകികാതീത വിഭോ!
സർവജ്ഞൻ! സർവ്വവ്യാപി! സർവ്വദാ നമോസ്തുതേ!
സർവ്വേശാ! പരപരാ പരമൻ നമോ നമഃ

പിന്നീട് കാവ്യം അവസാനിപ്പിക്കുന്നത് 'ഇതി ദേവസ്യ ഷഷ്ഠചിഹ്നഗാനം സമാപ്തം... ശുഭമസ്തു,' എന്നാണ്.




**വി**ഹഗ വീക്ഷണം എന്നു കേട്ടിട്ടുണ്ടോ? വാക്കു കേട്ട് പേടിക്കേണ്ട. പക്ഷിയുടെ നോട്ടം എന്നാണ് അർത്ഥം. ആകാശത്തുനിന്ന് പക്ഷികൾ കാണുന്നതുപോലെയുള്ള കാഴ്ചയെ സൂചിപ്പിക്കാനാണ് പൊതുവെ ഈ വാക്ക് ഉപയോഗിക്കുന്നത്. "birds's eye view" എന്ന് ഇംഗ്ലീഷിൽ പറയാം. ഇതുപോലെ ചില കാഴ്ചവിശേഷങ്ങൾ ഇതാ.

കഴുകന്റെ ദൂരക്കാഴ്ച അപാരമാണല്ലോ. അതുകൊണ്ട് സൂക്ഷ്മമായ കാഴ്ചശക്തിയെ സൂചിപ്പിക്കാൻ 'ഹോക്സ് ഐ', 'ഫാൽക്കൻസ് ഐ' എന്നൊക്കെ പറയാറുണ്ട്.

കാര്യങ്ങളൊക്കെ നന്നായി നോക്കി മനസ്സിലാക്കുന്നവരാണെന്ന് പൊതുജനത്തെ ബോധിപ്പിക്കാൻ ചില സ്ഥാപനങ്ങളും അഭിമാനപൂർവം ഈ പേരുകൾ സ്വീകരിക്കാറുണ്ട്. hawk, falcon എന്നീ രണ്ടു വാക്കുകളുടെയും അർത്ഥം 'പ്രാപ്പിടിയൻ' എന്നുതന്നെയാണ്. "eagle-eyed" എന്നും ചിലർ ഉപയോഗിക്കാറുണ്ട്. പേരുകളിൽ ഇങ്ങനെ ചില പൊല്ലാപ്പുകളുണ്ടെങ്കിലും ഹോക്കും ഫാൽക്കനും രണ്ടുതരം പ്രാപ്പിടിയന്മാരാണ്. അതുപോലെ നമ്മുടെ നാട്ടിൽ 'കാകദൃഷ്ടി' എന്നു പറയാറില്ലേ? കാക്കയുടെ കള്ളനോട്ടം തന്നെയാണ് ഇതിലൂടെ അർഥമാക്കുന്നത്.

## നിറങ്ങളുടെ നാനാർത്ഥം

ചുവപ്പിന് മലയാളത്തിൽ മറ്റൊരു പദമില്ല. എന്നാൽ ഇംഗ്ലീഷിൽ ചുവപ്പിനു കുറഞ്ഞത് അമ്പതു വാക്കുകൾ എങ്കിലും ഉണ്ട്. Carmine എന്ന റോസാചുവപ്പ്. Crimson എന്ന കടുംചുവപ്പ്, scarlet എന്ന തുടുത്തചുവപ്പ്, burnt sienna എന്ന തവിട്ടു കലർന്ന ചുവപ്പ്, vermillion എന്ന സായാഹ്നചുവപ്പ്... അങ്ങനെ പോകുന്നു ചുവപ്പിന്റെ നാനാർത്ഥങ്ങൾ.

നീലയും ഒട്ടും മോശക്കാരനല്ല, ആകാശനീല, കടൽനീല എന്നൊക്കെ നമ്മൾ പറയാറില്ലേ? ഇംഗ്ലീഷിലെ പ്രയോഗങ്ങൾ നോക്കൂ.

Aquamarine എന്നത് ഇളം പച്ച കലർന്ന കടൽനീലയാണ്.. 'Azure' തെളിഞ്ഞ ആകാശനീലിമയുടെയും Cerulean കടുംനീലയുടെയും പേരാണ്. cobalt എന്നത് തിളക്കമുള്ള നീലയെ വിശേഷിപ്പിക്കുന്നു. Turquoise എന്നാൽ നീലയും പച്ചയും കൂടിച്ചേർന്ന നിറമാണ്. ഇതിൽ aquamarine, Turquoise എന്നിവ മേൽ സൂചിപ്പിച്ച നിറങ്ങളിലുള്ള വിലയേറിയ രത്നക്കല്ലുകൾ ആണ്.

## കാക്കത്തൊള്ളായിരം

ആൽമരത്തിലെത്ര ഇലകളുണ്ട്? കേരളത്തിലെത്ര കാക്കകളുണ്ട്? എന്തായിരിക്കും ഉത്തരം? കാക്കത്തൊള്ളായിരം. എണ്ണിയാലൊടുങ്ങാത്ത എന്തിനെയും വിശേഷിപ്പിക്കാൻ മലയാളത്തിൽ ഈയൊരറ്റ വാക്കേയുള്ളു. എന്നാൽ, എണ്ണിയാലൊടുങ്ങാത്തവയെ വിശേഷിപ്പിക്കാൻ ഇംഗ്ലീഷിൽ കാക്കത്തൊള്ളായിരം വാക്കുകളുണ്ട്. അവയിൽ ചിലതിതാ: zillion, jillion, gadzillion, gazillion, bajillion, bazillion, dillion, fantillion, gagillion, gajillion, godzillion, grillion, hojillion, kabillion, kajillion, katrillion, killion, robillion, skillion, squillion, jacobillionad umptillion

# മണികെട്ടിയ കുതിര

രണ്ടു കുതിരകൾ. അതിലൊന്നിനു കാഴ്ചയില്ല. ഒരു കാലത്തു കൃഷിസ്ഥലം ഉഴുതുമറിക്കുവാൻ ഉപയോഗിച്ചിരുന്ന കുതിരയായിരുന്നു അത്. തന്മൂലം കുതിരയുടെ കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടും കർഷകൻ അതിനെ ഉപേക്ഷിച്ചില്ല. എന്നുമാത്രമല്ല, അതിനെ സംരക്ഷിക്കുവാൻ ഒരു കുതിരാലയം നിർമിച്ചു. അതോടൊപ്പം കുതിരയ്ക്കു നടക്കുവാനും മേയുവാനും സഹായകമായ രീതിയിൽ ഏറെ സ്ഥലം വേലികെട്ടി സുരക്ഷിതമാക്കുകയും ചെയ്തു.

ഈ കുതിരയോടൊപ്പം മറ്റൊരു കുതിരകൂടിയുണ്ട്. കാഴ്ചയുള്ള ഒരു കുതിര. ഈ കുതിരയുടെ പ്രത്യേകത അതിന്റെ കഴുത്തിൽ ചെറിയൊരു മണി കെട്ടിയിട്ടുണ്ട് എന്നതാണ്. രാവിലെ ഈ കുതിര ലായത്തിൽ നിന്നു പുറത്തുകടന്നു മേയുവാൻ പോകുമ്പോൾ അന്ധനായ കുതിരയും അതിന്റെ പിന്നാലെ ചെല്ലും. മണിയുടെ ശബ്ദം കേൾക്കുമ്പോൾ അന്ധനായ കുതിരയ്ക്കറിയാം എങ്ങോട്ടാണ് പോകേണ്ടത് എന്ന്.



ഏതെങ്കിലും കാരണത്താൽ അന്ധനായ കുതിര തന്റെ പിന്നാലെ വരുന്നില്ലെങ്കിൽ മണികെട്ടിയ കുതിര കാത്തുനിൽക്കും. അന്ധനായ കുതിര തന്റെ പിന്നാലെ വന്നതിനു ശേഷമേ അതു വീണ്ടും മുന്നോട്ടുപോകൂ. പിന്നെ അവർ ഒരുമിച്ചു മേഞ്ഞുനടക്കും.

ലായത്തിലേക്കു മടങ്ങേണ്ട സമയമായാൽ മണികെട്ടിയ കുതിര മുൻപേ  നടക്കും. അപ്പോൾ അന്ധനായ കുതിര അതിന്റെ പിന്നാലെ ചെല്ലും. മണിയുടെ സ്വരം കേട്ടുനടക്കുന്നതുകൊണ്ട് അന്ധനായ കുതിരയ്ക്കു വഴിതെറ്റാറില്ല. ആ കുതിര മണികെട്ടിയ കുതിരയോടൊപ്പം ലായത്തിലെത്തും. അവിടെ എത്തിയാലുടനെ അന്ധനായ കുതിര മണികെട്ടിയ കുതിരയുമായി മുട്ടിയുരുമ്മും. ഇതൊരു നന്ദിപ്രകടനമായിട്ടാണ് കണ്ടുനിൽക്കുന്നവർക്കു തോന്നുക.

ഈ കഥ വെറും രണ്ടു കുതിരകളുടെ മാത്രം കഥയല്ല. ഇതു നമ്മുടെയും കൂടി കഥയാണ്. ചിലപ്പോൾ നമ്മളായിരിക്കും അന്ധനായ കുതിരയുടെ സ്ഥാനത്തുവരിക. അതായത്, മറ്റുള്ളവരുടെ സഹായം വേണ്ടിവരുന്നവർ. നമ്മുടെ ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലുമൊക്കെ ഇതു വളരെ ശരിയാണ്. ഈ കാലഘട്ടത്തിലൊക്കെ മറ്റുള്ളവരുടെ സഹായം നമുക്കു കൂടിയേ തീരൂ. എങ്കിൽമാത്രമേ നമ്മുടെ വളർച്ച ശരിയായ വിധത്തിൽ മുന്നോട്ടു പോകൂ.

പ്രായപൂർത്തിയാകുമ്പോൾ സ്വന്തം കാലിൽ നിൽക്കുവാൻ സാധിക്കുമെന്നു നമുക്കു തോന്നാം. എന്നാൽ, അപ്പോഴും ഒട്ടേറെ കാര്യങ്ങളിൽ നമുക്കു മറ്റുള്ളവരുടെ സഹായം കൂടിയേ തീരു. എങ്കിൽ മാത്രമേ നമ്മുടെ കാര്യങ്ങൾ സുഗമമായി മുന്നോട്ടുപോകൂ.

ഇതിനിടയിൽ നമുക്ക് അസുഖമോ, സാമ്പത്തിക ബുദ്ധിമുട്ടുകളോ ഉണ്ടാകുന്നു എന്നു കരുതുക. അപ്പോഴും മറ്റുള്ളവരുടെ സഹായം വളരെയേറെ നമുക്കു വേണ്ടിവരില്ലേ? മുകളിൽ കൊടുത്തിരിക്കുന്ന കഥയിലെ അന്ധനായ കുതിരയെപ്പോലെ, നമുക്കെല്ലാവർക്കും എപ്പോഴും മറ്റുള്ളവരുടെ സഹായം വേണ്ടിവരില്ലായിരിക്കാം. എങ്കിൽപ്പോലും മറ്റുള്ളവരുടെ നിരന്തരമായ സഹായമില്ലാതെ സന്തോഷകരമായി ജീവിക്കുവാൻ സാധിക്കുകയില്ല എന്നതാണ് വസ്തുത.

ഇന്നു നാം അന്ധനായ കുതിരയുടെ സ്ഥാനത്താണെങ്കിൽ നാളെ നാം മണികെട്ടിയ കുതിരയുടെ സ്ഥാനത്തു വരണം. അതാണു നീതി. ഇന്നലെ മറ്റുള്ളവർ നമ്മെ സഹായിച്ചുവെങ്കിൽ ഇന്നു നാം മറ്റുള്ളവരെ സഹായിക്കുവാൻ തയാറാവണം. നാം ഇന്ന് എന്തെങ്കിലും ആയിത്തീർന്നിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ മറ്റുള്ളവരുടെ സഹായവും ഇല്ലേ? നമ്മുടെ മാതാപിതാക്കളും ബന്ധുക്കളും അധ്യാപകരും സ്നേഹിതരും മറ്റ് ആളുകളുമൊക്കെ നമ്മുടെ വളർച്ചയ്ക്ക് വലിയ പങ്കുവഹിച്ചിട്ടുള്ളവരല്ലേ? അപ്പോൾപ്പിന്നെ മറ്റുള്ളവരെ നാം സഹായിക്കേണ്ടതു നീതി മാത്രമല്ലേ?

എന്നാൽ ഇക്കാര്യം പലരും വളരെ സൗകര്യപൂർവം വിസ്മരിച്ചുപോകുന്നു എന്നതു യാഥാർത്ഥ്യമല്ലേ? അതുമാത്രമോ? നമ്മുടെ വളർച്ചയ്ക്കും നേട്ടത്തിനുമായി അല്പം പോലും ആരും സഹായിച്ചിട്ടില്ലെന്നുവരെ ചിലപ്പോഴെങ്കിലും കരുതാറില്ലേ? ഒരുപക്ഷേ, നമ്മിൽ ചിലരെങ്കിലും അങ്ങനെ കരുതുന്നതുകൊണ്ടല്ലേ, മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ ഒരു ചെറുവിരൽപോലും പലപ്പോഴും നാം അനക്കാത്തത്.

ഇനി മണികെട്ടിയ കുതിരയുടെ കഥയിലേക്കു മടങ്ങിവരട്ടെ. അന്ധനായ കുതിരയുടെ നിസഹായാവസ്ഥ നൈസർഗികമായ രീതിയിൽ മനസിലാക്കിയതുകൊണ്ടല്ലേ, മണികെട്ടിയ കുതിര അന്ധനായ കുതിരയുടെ കാര്യത്തിൽ പരിഗണന കാണിച്ചത്? ഈ കുതിര പ്രകടിപ്പിച്ചതുപോലെയുള്ള പരിഗണനയെങ്കിലും നമ്മുടെ ജീവിതത്തിൽ നാം മറ്റുള്ളവരോടു കാണിക്കേണ്ടതല്ലയോ?

നാമാരും സ്വന്തം സൗകര്യവും സുഖവും മാത്രം നോക്കി ജീവിക്കേണ്ടവരല്ല. നാം എപ്പോഴും നമ്മുടെ സുഖവും സൗകര്യവുമൊക്കെ ഉറപ്പുവരുത്തുന്നതോടൊപ്പം മറ്റുള്ളവരുടെ സുഖവും സൗകര്യവുമൊക്കെ ഉറപ്പുവരുത്തിയേ മതിയാകൂ. എങ്കിൽ മാത്രമേ നാം മനുഷ്യരാണെന്നു നമുക്കു സ്വയം അഭിമാനിക്കാനാവൂ.

ഇന്നു നാം അന്ധനായ കുതിരയുടെ സ്ഥാനത്തല്ലായിരിക്കാം. എന്നാൽ, നാളെ നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്ന് ആർക്ക് പറയാനാവും? അന്ധനായ കുതിരയുടെ സ്ഥാനത്ത് എന്നതിനേക്കാൾ മണികെട്ടിയ കുതിരയുടെ സ്ഥാനത്ത് ആയിരിക്കുന്നതാണ് നല്ലത് എന്നു നമുക്കു മറക്കാതിരിക്കാം.

---

# അവൾ നമുക്ക് മാതൃക

ലിസി ടൈറ്റസ്



പട്ടണത്തിലെ പാപിയായ സ്ത്രീ പരീശപ്രമാണിയുടെ വീട്ടിൽ?! പരിഭ്രമത്തോടും ഭയത്തോടുംകൂടിയാണ് അവൾ അവിടെ എത്തിയിരിക്കുന്നത്. സാമൂഹ്യ വിലക്കുകളും മഹാപാപിയെന്ന കുറ്റബോധവും അവളെ വേട്ടയാടുന്നു എങ്കിലും സമൂഹം വിധികല്പിച്ചിരുന്ന അയോഗ്യതകൾ യേശുവിനെ സമീപിക്കുന്നതിന് വിലങ്ങുതടിയായില്ല.

എന്നാൽ ഇതുകണ്ട് നീരസം തോന്നി ഉള്ളിൽ പിറുപിറുത്ത ശീമോന്റെ നേരെ തിരിഞ്ഞുകൊണ്ട് യേശു ചോദിച്ചു. ഈ സ്ത്രീയെ കാണുന്നുവോ? പരിഭ്രമവും കുറ്റബോധവും മൂലം പരീശനു വാക്കുമുട്ടി. എല്ലാവരും എന്റെ അടുക്കൽ വരുവിൻ എന്ന് കർത്താവ് വിളിക്കുമ്പോൾ മധ്യസ്ഥതയും മറ്റും മറ്റുമായി തടസം സൃഷ്ടിക്കുന്നവർ കർത്താവിന്റെ ചോദ്യത്തിന് എന്ത് മറുപടി പറയാൻ.?

കർത്താവിനെ കാണാനും രക്ഷ പ്രാപിപ്പാനും ആഗ്രഹിക്കുന്നവർ വിലക്കുകളേയും വിലക്കുന്നവരേയും അവഗണിച്ചുകൊണ്ട് മറിയയെപ്പോലെ കർത്താവിന്റെ അടുക്കൽ ചെല്ലേണ്ടതാണ്. മനുഷ്യൻ പാപിയായതുകൊണ്ടല്ല യേശുവിന്റെ അടുക്കൽ വരാൻ മനസ്സില്ലാത്തതുകൊണ്ടാണ് അസമാധാനത്തിൽ മുഴുകി നാശത്തിൽ നിപതിക്കുന്നത്. എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല എന്ന് കർത്താവ് വാഗ്ദത്തം തന്നിട്ടുണ്ട്. അതിനാൽ അവൻ കടലിലെ പടകിലാണെങ്കിൽ കടലിനേയും കാറ്റിനേയും ഭയപ്പെടാതെ; അവൻ ദേവാലയത്തിലാണെങ്കിൽ കപടഭക്തരായ പള്ളിപ്രമാണികളെ നോക്കാതെ, അവന്റെ അടുക്കലേക്ക് ചെല്ലുക. ഇതാ ഞാൻ മരണത്തെ ജയിച്ച് എന്നേക്കും ജീവിച്ചിരിക്കുന്നു എന്ന പ്രത്യാശയുടെ അതിമഹത്തായ വാഗ്ദാനം നല്കിക്കൊണ്ട് ഇതാ ദേവാലയത്തേക്കാൾ വലിയവൻ ഇവിടെ എന്നു പറഞ്ഞ് സ്വർഗ്ഗീയ ദേവാലയത്തിന്റെ തേജസ്സോടെ അവൻ കൈക്കൊള്ളും സമാശ്വസിപ്പിക്കും.

വിരുന്നു നടന്ന വീടിനെക്കുറിച്ചോ, എന്തിന് ആതിഥേയനെയോ, അതിഥികളെപ്പറ്റിയോ ഒരക്ഷരം ഉരിയാടാത്ത കർത്താവ് പ്രവേശനം നിഷേധിക്കപ്പെട്ടിടത്ത് കടന്നുചെന്ന സമൂഹം അർഹതയില്ലാത്തവൾ, അയോഗ്യ എന്ന് എണ്ണിയവളെ പ്രശംസിക്കുന്നു. സകല ഭക്തന്മാരും ദൂതവൃന്ദവും കൊതിക്കുന്ന മഹാഭാഗ്യമാണല്ലോ അവൾക്ക് കൈവന്നത്. കണ്ണുനീർകൊണ്ട് കാൽ നനച്ചു. തലമുടികൊണ്ട് തുടച്ചു, കാൽ ചുംബിച്ചു, പരിമള തൈലംകൊണ്ട് കാൽ പൂശി ഹൃദയം തകർന്നവളായി കരഞ്ഞപ്പോൾ പാപമോചനത്തോടൊപ്പം സമാധാനത്തോടെ പോക എന്ന അരുമനാഥന്റെ ദിവ്യശബ്ദം കേൾപ്പാനും അവൾക്കു കഴിഞ്ഞു.

ഹൃദയം ഉരുകി ഒലിച്ചിറങ്ങുന്ന കണ്ണുനീരിന്റെ ശുശ്രൂഷ സമാധാനം തരുന്ന, ഹൃദയപരിവർത്തനത്തിന് ഇടയാക്കുന്ന വിടുതലിന്റെ ശുശ്രൂഷയാണെന്ന് മറിയ നമുക്ക് ബോധ്യമാക്കിത്തരുന്നു. തല കർത്താവിന്റെ പാദത്തിൽ കുനിച്ച് താൻ വിശിഷ്ടമായി കരുതിയിരുന്ന മുടികൊണ്ട് കർത്താവിന്റെ പാദം തുടച്ചു. വീടുമുഴുവൻ നിറയപ്പെട്ട തൈലത്തിന്റെ സൗരഭ്യം കർത്താവിന്റെ കാല്പാദങ്ങളിൽനിന്ന് അവൾ തന്റെ ശിരസിലേക്ക് ഏറ്റുവാങ്ങി.

പോകുന്നിടത്തും സമീപിക്കുന്നവർക്കും ആസ്വദിക്കത്തക്കവണ്ണം ആ സൗരഭ്യം പരന്നു. അതെ അവൾ കർത്താവിനു സമർപ്പിച്ചു - കർത്താവിൽനിന്ന് പ്രാപിച്ചു. നല്ല സാക്ഷ്യം കർത്താവിൽനിന്ന് കേട്ടു. അങ്ങനെ അവളുടെ പേര് വിശ്രുതമായിത്തീർന്നു. അതെ ദൈവത്തിന് പ്രസാദമായ പ്രവർത്തികൾ ചെയ്ത് നിത്യതയിൽ നിലനിൽക്കുന്ന അനുഗ്രഹങ്ങൾ പ്രാപിപ്പാൻ നമുക്ക് ഉത്സാഹിക്കാം. നമ്മെ സമീപിക്കുന്നവർക്ക് സൗരഭ്യം പകർന്ന് ദൈവത്തിന് പ്രയോജനപ്പെടുവാൻ  നമ്മേയും നമുക്കുള്ളതിനേയും കർത്താവിന്റെ കാല്പാദങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധ നിണം തന്ന് നമ്മെ വീണ്ടെടുത്തിരിക്കയാൽ നാം അവന്റെ സ്വന്തവും വിലയേറിയ നിക്ഷേപവും ആണ്.

പാപമാകുന്ന ചെളിക്കുഴിയിൽനിന്ന് പിടിച്ചുകയറ്റി തന്റെ രക്തത്താൽ കഴുകി ശുദ്ധീകരിച്ച് ഒരു പുതിയ സൃഷ്ടിയാക്കിത്തീർത്ത അരുമനാഥനോടുള്ള സ്നേഹം പ്രവർത്തിയിലൂടെ വെളിപ്പെടുത്താം. പാപികളോട് രക്ഷയുടെ സന്ദേശം അറിയിക്കാം. അവരെ ഓർത്ത് പ്രാർത്ഥിക്കാം. അവൻ നമ്മോടു കൂടെയുണ്ട്. നാം ഇരിക്കുന്നതും എഴുന്നേൽക്കുന്നതും എല്ലാം എല്ലാം അവൻ അറിയുന്നു.

അതുകൊണ്ട് പ്രിയരെ കണ്ണുനീർ തുടയ്ക്കുക, നിരാശകൾ വിടുക, വിശ്വാസത്താൽ നമുക്ക് അവനെ കാണാം, അവന്റെ ശബ്ദം ശ്രവിക്കാം. തലകളെ കർത്താവിന്റെ കാല്ക്കൽ കുനിച്ച് നമസ്ക്കരിച്ച് സൗരഭ്യം ഏറ്റുവാങ്ങി നമ്മെ സമീപിക്കുന്നവർക്ക് പകർന്നു നല്കാം, അങ്ങനെ നാം ദൈവത്തിന് ക്രിസ്തുവിലൂടെ സൗരഭ്യവാസനയായിത്തീരാം. അതിനായി പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളെ ഒരുക്കുമാറാകട്ടെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ഊരിയാവിന്റെ മനോഭാവം

"നിന്നാണ നിന്റെ ജീവനാണ ഞാൻ ചെയ്കയില്ല''

ഹിത്യനായ ഊരിയാവ് ദാവീദ് രാജാവിനോട് പറഞ്ഞ വാക്കുകളാണിത്. യുദ്ധമുന്നണിയിൽ നാളുകൾ ചെലവഴിച്ചതിനു ശേഷം രാജാവിന്റെ ഹിതപ്രകാരം യെരുശലേമിലേക്ക് ഊരിയാവ് മടങ്ങിവന്നു. രാജാവ് ഊരിയാവിനോട് ഭവനത്തിലേക്കു മടങ്ങിപ്പോകുവാൻ ആവശ്യപ്പെടുകയാണ്. ഒറ്റനോട്ടത്തിൽ തന്റെ പടയാളിയോടു സഹതാപത്തോടെ, കരുണയോടെ ഇടപെടുന്ന ഒരു രാജാവ് എന്ന് തോന്നിപ്പോകും. രാജാക്കന്മാർ യുദ്ധത്തിനിറങ്ങുന്ന കാലത്ത് തന്റെ കൊട്ടാരത്തിൽ വിശ്രമിക്കുവാൻ തീരുമാനിച്ചവനും അതുമൂലം പിന്മാറ്റത്തിലേക്ക് ജീവിതം നീങ്ങിയതുമായ ഒരു വ്യക്തിയെ അത്രെ ആ കൊട്ടാരത്തിൽ നാം കാണുന്നത്. യുദ്ധമുന്നണിയിൽനിന്നു മാറി ജീവിച്ചവൻ ജീവിതത്തിൽ ധാർമികമായി അധഃപതിച്ചവനായി നാം കാണുന്നു.

ക്രിസ്തീയ ജീവിതത്തിൽ നിഷ്ക്രിയതയുടെ മനോഭാവം ഇല്ല. ക്രിസ്തുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക എന്നത്രെ പൗലൊസ് അപ്പോസ്തലൻ തിമോഥെയോസിനോട് പറയുന്നത്. ക്രിസ്തീയ ജീവിതം പോരാട്ടത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നില്ല എങ്കിൽ പിന്മാറിപ്പോകുവാനാണ് സാദ്ധ്യത.

തന്റെ ഭവനത്തിലേക്കു മടങ്ങിപ്പോകുവാൻ രാജാവിന്റെ ഉപദേശം ഉണ്ടായിട്ടും ഊരിയാവ് ഭവനത്തിലേക്ക് പോയില്ല. രാജധാനിയുടെ മാളികമേൽ ഉലാവിയപ്പോൾ ദാവീദിന്റെ ദൃഷ്ടിയിൽ ഊരിയാവിന്റെ ഭാര്യയെ കാണുവാനിടയായതാണല്ലോ ദാവീദിന്റെ വീഴ്ചയ്ക്കു കാരണം. അങ്ങനെ ദാവീദിന്റെ ദൃഷ്ടിയിൽ പെടണമെങ്കിൽ ഊരിയാവിന്റെ ഭവനം രാജകൊട്ടാരത്തിനു വളരെ അകലെയല്ലായിരുന്നു എന്നു നാം കാണുന്നു. ഒരു വിളിപ്പാടകലെ തന്റെ ഭവനമായിരുന്നിട്ടും ഊരിയാവിന് തന്റെ സ്വന്തഭവനത്തിലേക്കു പോകുവാൻ മനസ്സുണ്ടായില്ല. രാജധാനിയുടെ വാതിൽക്കൽ കിടക്കുന്നതായിരുന്നു ഭവനത്തിൽ കിടക്കമേൽ വിശ്രമിക്കുന്നതിലും അവനു താല്പര്യം. മാത്രമല്ല തന്റെ പ്രിയപ്പെട്ടവളുടെ അടുക്കലെത്തുന്നതിനേക്കാൾ സഹഭൃത്യന്മാരോട് ഒപ്പം സമയം ചെലവഴിക്കാൻ ഊരിയാവ് ആഗ്രഹിച്ചു. ഇതിന്റെ കാരണം ഊരിയാവ് തന്നെ പറയുന്നുണ്ട്. യഹോവയുടെ പെട്ടകവും യിസ്രായേലും യെഹൂദയും കൂടാരത്തിൽ വസിക്കുന്നു; എന്റെ യജമാനനായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്തു പാളയമിറങ്ങിയിരിക്കുന്നു; ഇങ്ങനെയിരിക്കുമ്പോൾ ഭവനത്തിലേക്കു പോകുവാൻ ഊരിയാവ് മടിച്ചു. പോർവിളി കേൾക്കുന്ന വിശ്വാസി, സുവിശേഷ ദൗത്യത്തിലേർപ്പെട്ടിരിക്കുന്ന ഒരു പടയാളി ഊരിയാവിനെപ്പോലെ ചിന്തിക്കണം. ഒന്നാമത്തെ ചിന്ത യഹോവയുടെ പെട്ടകം ശത്രുക്കളുടെ കയ്യിൽ ചെന്നുപെടുവാൻ സാധ്യതയുള്ളപ്പോൾ എനിക്കെങ്ങനെ വീട്ടിൽപോയി ഉറങ്ങുവാൻ കഴിയും. കർത്താവിന്റെ പടയാളി ചിന്തിക്കേണ്ടത് കോടാനുകോടി ജനങ്ങൾ പിശാചിന്റെ പിടിയിലാണ്. അവർക്ക് രക്ഷയുടെ സുവിശേഷം എത്തിക്കുവാനുള്ള യുദ്ധമാണിവിടെ നടക്കുന്നത്. ഞാൻ അപ്പനെയോ, അമ്മയെയോ, കുടുംബത്തെയോ മുൻഗണനയിൽ കൊണ്ടുവരാൻ പാടില്ല. ദൈവത്തിന്റെ ജനം അപകടം പിടിച്ച സാഹചര്യത്തിൽ വെറും ദുർബലമായ കൂടാരങ്ങളിൽ പാർക്കുന്നു. അവരെ സുരക്ഷിതമായ സ്വർഗീയ ഭവനങ്ങളിലെത്തിക്കുവാൻ എനിക്കു ചുമതലയുണ്ട്. ഞാൻ എന്റെ ഭവനത്തിന്റെ സുഖം തേടി പോവുകയില്ല.




രണ്ടാമത്തെ ചിന്ത, എന്റെ യജമാനനായ യോവാബും ഭൃത്യന്മാരും വെളിമ്പ്രദേശത്തു കിടക്കുന്നു. കർത്താവ് എവിടെയാണ്? എന്റെ യജമാനനായ കർത്താവ്, എവിടെയാണ്? എന്റെ കൂട്ടുപ്രവർത്തകരായ കർത്താവിന്റെ ഭൃത്യന്മാരെല്ലാം എവിടെയാണ്? അത് മഹത്തായ ഒരു ആത്മിക അവബോധമാണ്. കൂട്ടുവേലക്കാരെപ്പറ്റി ചിന്തിക്കാത്ത ഒറ്റയാന്മാർക്ക് ഇതൊരു നല്ല ചിന്തയാണ്. തുടക്കമിട്ടപ്പോൾ കൂട്ടുകാരും യജമാനനും കൂടെയുണ്ടായിരുന്നു. പിന്നെവിടെയോവച്ച് ബന്ധം വേർപെട്ടുപോയി. ഒന്നുകിൽ പിന്നോട്ടു പോയി. അല്ലെങ്കിൽ വഴിവിട്ട് എവിടെയൊക്കെയോ ചെന്നെത്തി. അങ്ങനെയല്ല ദൈവമക്കളെ. ഇതൊരു കൂട്ടുത്തരവാദിത്വമാണ്. എന്റെ യജമാനനുപോലും ഉറക്കമില്ല. അവരെല്ലാം നിരനിരയായി വെട്ടുകൊണ്ടു മരിക്കുവാൻ തയ്യാറായി ശത്രുവിനെ വെല്ലുവിളിച്ച് വിജനപ്രദേശത്തു കിടക്കുമ്പോൾ എനിക്കു സുഖങ്ങളും സുരക്ഷിതത്വവും ആവശ്യമില്ല. ഞാനും എന്റെ യജമാനനോടുകൂടെ ഒരു ഭൃത്യനായി അവിടെ കഴിഞ്ഞുകൊള്ളാം എന്ന ചിന്ത ഭരിക്കണം. മൂന്നാമത്തെ ചിന്ത പ്രലോഭനങ്ങളെ അതിജീവിക്കേണ്ടവനാണ് യേശുവിന്റെ പടയാളി. ഈ യാത്രയിൽ വളരെ ന്യായമായതെന്നു തോന്നിക്കുന്നതും ഒരു തെറ്റും കണ്ടെത്താൻ കഴിയാത്തതുമായ വളരെയേറെ സാഹചര്യങ്ങളിൽ നാം ചെന്നുപെട്ടുവെന്നു വരാം. സ്വന്തം രാജാവാണ് തന്റെ പട്ടാളക്കാരനോടു പോയി വിശ്രമിച്ചുകൊള്ളുക എന്ന കല്പന കൊടുത്തത്. ഒരു സാധാരണ ചിന്തയിൽ ആ കല്പന അനുസരിക്കേണ്ട കാര്യമേ ഒരു പടയാളിക്കുള്ളു. രാജാവിനു വേണ്ടെങ്കിൽ പിന്നെ പട്ടാളക്കാരനെന്തുചേതം എന്നു വേണമെങ്കിൽ ഒരു ന്യായം കണ്ടെത്താവുന്നതേയുള്ളു. എന്നാൽ അവിടെ നാം കാണുന്ന പട്ടാളക്കാരനു യുദ്ധം രാജാവിനുവേണ്ടിയുള്ളതായിരുന്നില്ല എന്നതായിരുന്നു അതിന്റെ മർമം. യുദ്ധം അവനെ സംബന്ധിച്ചിടത്തോളം വെട്ടുകൊണ്ടു മരിക്കുന്ന ഒരു വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു. ആ വാഗ്ദാനം ഓരോ പട്ടാളക്കാരനും യഹോവയോട് അവന്റെ ജീവൻ കൊടുത്തു നല്കിയതായിരുന്നു. രാജാവ് അവിടെ അപ്രസക്തനായിരുന്നു. അവൻ രാജാവിനെയും രാജാവിന്റെ ജീവനെയും മുമ്പിൽ നിർത്തിയാണ് ആണയിടുന്നത്; സത്യം ചെയ്യുന്നത്. നമ്മുടെ ദൈവിക ശുശ്രൂഷയിൽ ഇങ്ങനെയൊരു ആത്മിക സമർപ്പണത്തിന്റെ ബന്ധം ഉണ്ടോ? സത്യസന്ധത നേതാക്കന്മാരെ ബോദ്ധ്യപ്പെടുത്താനുള്ളതോ അതോ സ്വന്തജീവിതത്തിലെ ഒരു പ്രമാണവാഗ്ദാനമോ? ദൈവത്തിന്റെ പടയാളിയുടെ പ്രമാണ വാഗ്ദാനം ദൈവത്തോടു മാത്രമാണ്. യേശു എപ്പോഴും പിതാവിന്റെ ഇഷ്ടത്തിനായിരുന്നു പ്രാധാന്യം നല്കി പ്രവർത്തിച്ചിരുന്നത്. മനുഷ്യരുടെ പ്രമാണങ്ങൾക്ക് ഒരു വിലയും കർത്താവ് കൊടുത്തിരുന്നില്ല. കർത്താവ് സൗഖ്യപ്പെടുത്തുവാൻ ശബ്ബത്തു ദിവസങ്ങൾതന്നെ നിർബന്ധപൂർവ്വം തിരഞ്ഞെടുക്കുകയായിരുന്നോ എന്നു തോന്നുന്ന വിധമായിരുന്നു പെരുമാറിയിരുന്നത്. ശബ്ബത്തിനെ ലംഘിക്കുന്നു എന്നവർ മുറവിളി കൂട്ടിയപ്പോഴും കർത്താവിന് ഒരു കൂസലും ഉണ്ടായിരുന്നില്ല. കാരണം, എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു. എത്ര ലളിതം, എത്ര സുന്ദരം ഈയൊരു ബന്ധം. കർത്താവിന്റെ പട്ടാളക്കാരനും ഇതു മതി. അവനെ സാഹചര്യങ്ങളുടെ ആനുകൂല്യങ്ങൾ പ്രലോഭിപ്പിക്കുവാൻ പാടില്ല. തന്റെ വാഗ്ദാനം ആരോടാണ്? അവിടെ ഈ പ്രവൃത്തിക്ക് അംഗീകാരമുണ്ടോ എന്നറിയുക. ഇല്ലെങ്കിൽ ചെയ്യരുത്. രാജാവ് പറഞ്ഞാലും നിയമം അനുവദിച്ചു നല്കിയതാണെങ്കിലും എടുക്കരുത്, ചെയ്യരുത്. ഊരിയാവിന്റെ ഈ വാക്കുകളിൽ രണ്ടു കാര്യം ശ്രദ്ധേയമാണ്. ഒന്നാമതായി, ദൈവമഹത്വത്തിനു വേണ്ടിയുള്ള സമർപ്പണം. വിശ്വാസികളുടെ സമർപ്പണം പലതരത്തിലാണ്. എന്നാൽ പരിപൂർണസമർപ്പണം എന്നുള്ളത് സകലവും ദൈവമഹത്വത്തിനുവേണ്ടി എന്നുള്ളതാണ്. യഹോവയുടെ പെട്ടകം കൂടാരത്തിൽ എന്നുള്ളത് ഊരിയാവിനെ വളരെയധികം ഭാരപ്പെടുത്തി. ഫെലിസ്ത്യർ ഒരിക്കൽ ഈ പെട്ടകം കൊണ്ടുപോയതാണ്. യിസ്രായേലിൽനിന്ന് ഒരിക്കൽ മഹത്ത്വം പോയതാണ്. എന്നാൽ ദൈവം ഇത് മടക്കിക്കൊണ്ടുവരുവാൻ ദാവീദിനെ സഹായിച്ചു. ദാവീദ് ഒരിക്കൽ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തത് ഈ പെട്ടകത്തിന്റെ മടങ്ങിവരവിലാണ് (2 ശമു. 6:21). ഇപ്പോൾ യഹോവയുടെ പെട്ടകം യുദ്ധമുന്നണിയിൽ കൂടാരത്തിലിരിക്കുന്നു. ഊരിയാവിന്റെ സമർപ്പണം ശ്രവിക്കുക. പൗലൊസ് അപ്പോസ്തലൻ തന്റെ ജീവിത സമർപ്പണത്തെക്കുറിച്ച് ഇപ്രകാരം ഫിലിപ്പ്യയിലെ വിശ്വാസികൾക്ക് എഴുതി. "ക്രിസ്തു എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളൂ" (ഫിലി. 1:20). നമ്മുടെ ജീവിതത്തിന്റെ ഭാരവും സമർപ്പണവും എന്തുനുവേണ്ടി എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഊരിയാവ് യുദ്ധമുന്നണിയിൽനിന്നു മടങ്ങിവന്നപ്പോൾ സ്വഭവനത്തിൽ പോകുക എന്നുള്ളത് ന്യായമായ അവകാശമത്രെ. ന്യായമായതും അനുഭവിക്കാവുന്നതുമായ സുഖസൗകര്യങ്ങളിൽനിന്ന് ഊരിയാവിനെ പിന്തിരിപ്പിച്ചത് യഹോവയുടെ മഹത്ത്വത്തെക്കുറിച്ചുള്ള എരിവ് അത്രെ.

ഒരു കാലത്ത്, ദൈവത്തെ ദുഷിച്ച ഗോല്യാത്തിന്റെ ദൂഷണവാക്കിൽ എരിവുള്ളവനായി, എല്ലാവരും മടിച്ചുനിൽക്കെ ശത്രുവിന്റെ നേരെ, പോർനിരയുടെ മുന്നിൽ ജീവനെ വിലമതിക്കാതെ അണിനിരന്നവൻ; ഇപ്പോൾ ദൈവം അവനു നല്കിയ അനുഗ്രഹത്തിന്റെയും സമ്പന്നതയുടെയും മറവിൽ ലോകസുഖം, ജഡസുഖം, ജീവനത്തിന്റെ പ്രതാപം എന്നിവയ്ക്ക് അധീനപ്പെട്ട് പിന്മാറ്റത്തിലായ ദാവീദിനെപ്പോലെയാണോ നമ്മുടെ ജീവിതം? യുദ്ധമുന്നണിയിലേക്കിറങ്ങാം. കർത്താവിനായി പ്രവർത്തിക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്



'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന സംബോധന, മുൻപേ നാം എന്തായിരുന്നെന്നും ദൈവത്തിൽ നിന്ന് നമുക്കു ലഭിച്ച ദാനത്തിന്റെ സ്വഭാവവും വ്യാപ്തിയും എന്താണെന്നും വ്യക്തമാക്കുന്നു. സീനായ്മലയിൽ വച്ച് നൽകപ്പെട്ട ആദ്യനിയമം ദാസ്യത്വത്തെ പ്രസവിച്ചു. അവളും അവളുടെ മക്കളും അടിമത്വത്തിൽ വേലചെയ്തു (ഗലാ. 4:24–25). യഥാർത്ഥത്തിൽ കൽപ്പനകളുടെ നിയമത്തിൻകീഴിലായിരുന്നവരെല്ലാം അടിമകളായിരുന്നു (എഫേ. 2:15). എന്നാൽ യേശുവിലൂടെ ദൈവത്തെ പിതാവെന്നു വിളിക്കാനുള്ള ആത്മവിശ്വാസം നാം പ്രാപിച്ചിരിക്കുന്നു. വീണ്ടും അടിമത്വത്തിലും ഭയത്തിലും ആയിരിക്കാൻ വേണ്ടിയല്ല ആത്മാവിനെ പ്രാപിച്ചത്. പിന്നെയോ ആത്മവിശ്വാസത്തോടുകൂടി ദൈവത്തെ പിതാവെ എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്വത്തിന്റെ ആത്മാവിനു യോഗ്യരാകുവാനത്രെ (റോമ. 8:15). ഇതിൽ നിന്ന് സ്വർഗ്ഗീയ യരുശലേമിലെ (ഗലാ. 4:26) സേവനം നിങ്ങൾക്കു ലഭിച്ചു. (ഫിലി. 3:20). നിങ്ങൾ ഉത്ഥാനത്തിൽ അമർത്യരും വ്യതിയാനരഹിതരുമായി തീരുകയും പ്രസ്തുത പ്രകൃതിയോടുകൂടി സ്വർഗ്ഗത്തിൽ വസിക്കുന്നവർക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ജീവിതത്തിന് യോഗ്യരാകുകയും ചെയ്തിരിക്കുന്നു.

**പരിപൂർണ്ണ വിശുദ്ധനായ ദൈവത്തെ അശുദ്ധിയിൽ ജീവിക്കുന്നവൻ പിതാവേ എന്നു വിളിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിനു തുല്യമാണ്.**

'സ്വർഗ്ഗസ്ഥപിതാവേ' എന്ന മഹത്തായ വാക്കുകൾ ഉച്ചരിക്കുവാൻ കഴിവുള്ളവനാരാണ്? തിന്മയിൽ  ജീവിക്കുന്ന മനുഷ്യനു സാധ്യമല്ല. കാരണം ദൈവത്തിൽ കാണുന്നവയല്ല, അവൻ തന്നിൽ കാണുക. ദുഷ്ടമനസ്സിന്റെ പിതാവാകുവാൻ സത്താപരമായിത്തന്നെ നന്മയായ ദൈവത്തിന് അസാധ്യമാണ്. അശുദ്ധജീവിതമുള്ള ഒരുവന്റെ പിതാവാകുവാൻ പരിശുദ്ധനായ അവിടുത്തേക്ക് സാധ്യമല്ല. സ്ഥിരതയില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും മാറ്റത്തിന് വിധേയമാകുന്ന ഒരുവന്റെ പിതാവാകുവാൻ മാറ്റമില്ലാത്ത അവിടുത്തേക്ക് കഴിയുകയില്ല. പാപമരണത്തിനു അടിമപ്പെടുത്തിയ ഒരു പുത്രന്റെ പിതാവാകുക ജീവന്റെ പിതാവായ അവിടുത്തേക്ക് നിവൃത്തിയില്ല. പരിപൂർണ്ണ പരിശുദ്ധി തന്നെയായ അവിടുത്തേക്ക് അവിഹിതമോഹങ്ങൾ മൂലം തങ്ങളെ തന്നെ അപമാനിതരാക്കിയവരുടെ പിതാവാകാൻ സാദ്ധ്യമല്ല. സ്വാർത്ഥതയുടെ പിന്നാലെ പായുന്നവന്റെ പിതാവാകുക, ദാനങ്ങൾ വർഷിക്കുന്ന അവിടുത്തേക്കു പറ്റില്ല. ചുരുക്കിപ്പറഞ്ഞാൽ ഏതെങ്കിലും തിന്മയിൽ മുഴുകിയിരിക്കുന്നവരുടെ പിതാവാകുക ദൈവത്തിനു നിവൃത്തിയുള്ള കാര്യമല്ല. അതിനാൽ ഒരുവൻ സ്വയം പരിശോധിക്കുമ്പോൾ തന്റെ മനസ്സാക്ഷി നികൃഷ്ടമായ പാടുകളും വ്രണങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ, താൻ ശുദ്ധീകരിക്കപ്പെടേണ്ടവനാണെന്നു കാണുന്ന പക്ഷം; ആ തിന്മകളിൽ നിന്നു ശുദ്ധീകൃതനാകാതെ താൻ ദൈവീക കുടുംബത്തിൽ ഉൾപ്പെട്ടവനാണെന്ന് കരുതുക സാദ്ധ്യമല്ല. നീതിരഹിതനും അശുദ്ധനുമായവൻ നീതിയും ശുദ്ധതയും ഉള്ളവനെ പിതാവെ എന്നു വിളിക്കുക അസാധ്യം.

**ദുഷ്ടനായവൻ ദുഷ്ടതയിൽ നിലനില്ക്കുന്നിടത്തോളം അവൻ വിളിക്കുന്ന പിതാവ് ദുഷ്ടതയുടെ അധിപനായവനെയാണ്.**

തിന്മയെക്കുറിച്ച് മനസ്സാക്ഷി കുറ്റപ്പെടുത്തുന്ന ഒരുവൻ ദൈവത്തെ പിതാവ് എന്നു വിളിക്കുന്നപക്ഷം ദൈവം അവന്റെ ദുഷ്ടതയുടെ കാരണവും; ഉറവിടവുമാണെന്നു തറപ്പിച്ചുപറയുകയാണ്. 'മായയെ ഇച്ഛിച്ച് വ്യാജത്തെ അന്വേഷിക്കുന്നവൻ' (സങ്കീ. 4:2) പ്രാർത്ഥനയിലെ 'പിതാവെ' എന്ന വാക്ക് ഉപയോഗിക്കുവാൻ തുനിയുന്നുവെങ്കിൽ സ്വർഗ്ഗത്തിലുള്ള പിതാവിനെയല്ല താൻ വിളിക്കുന്നതെന്ന് അവൻ ഗ്രഹിക്കേണ്ടിയിരിക്കുന്നു. മറിച്ച് കള്ളം പറയുന്നവനും എല്ലാ കള്ളത്തിന്റേയും പിതാവുമായ (യോഹ. 8:44) നരകത്തിലുള്ളവനെയാണ് താൻ പിതാവെന്ന് വിളിക്കുന്നതെന്ന് അവൻ ഗ്രഹിക്കേണം. അതിനാൽ തിന്മയ്ക്കു വിധേയരായവരെ പൗലോസ് ശ്ലീഹാ 'കോപത്തിന്റെ മക്കൾ' (എഫേ. 2:3) എന്ന് വിളിക്കുന്നു. ശരിയായ ജീവിതത്തിൽ നിന്ന് വീണുപോയവനെ നാശത്തിന്റെ പുത്രനെന്നു വിളിക്കുന്നു (യോഹ. 17:12). ആകയാൽ നാശമില്ലാത്തവനും നല്ലവനും ധാർമികനുമായവനെ പിതാവ് എന്നു നാം വിളിക്കുന്നുവെങ്കിൽ ആ ബന്ധം യഥാർത്ഥമായിട്ടുള്ളതാണെന്ന് നമ്മുടെ ജീവിതംകൊണ്ട് നാം തെളിയിക്കണം. ദയാപൂർണ്ണനും പരിശുദ്ധനും ആയവന്റെ മകൻ ദയയുള്ളവനും ശുദ്ധതയുള്ളവനും ആയിരിക്കും. ചുരുക്കത്തിൽ നല്ലതിൽ നിന്ന് നല്ലതും നീതിയുള്ളതിൽ നിന്നു നീതിയുള്ളതും പുറപ്പെടുന്നു. ആകയാൽ ഒരുവൻ തന്റെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിനു മുമ്പ് ഈ പ്രാർത്ഥന ഉപയോഗിക്കാൻ ധൈര്യപ്പെടുന്നതും ദൈവത്തെ തന്റെ പിതാവായി സംബോധനചെയ്യുന്നതും അപകടപൂർണ്ണമാണെന്ന വസ്തുത നാം വിസ്മരിക്കരുത്. അസൂയ, വിദ്വേഷം, പക, പരദൂഷണം, കാപട്യം, അത്യാഗ്രഹം, അനീതി, ചൂഷണം, സ്വാർത്ഥത തുടങ്ങിയുള്ള തിന്മയിൽ ജീവിക്കുന്ന മനുഷ്യൻ തന്റെ പിതാവിനെ വിളിച്ചാൽ ഏതു തരത്തിലുള്ള പിതാവാണ് അവനെ കേൾക്കുന്നത്? തീർച്ചയായും അത് സ്വർഗ്ഗസ്ഥനല്ല. നരകത്തിലുള്ള പിതാവായിരിക്കും. അതിനാൽ ദുഷ്ടനായ ഒരുവൻ തന്റെ ദുഷ്ടതയിൽ നിലനിൽക്കുന്നിടത്തോളം കാലം അവന്റെ പ്രാർത്ഥന പിശാചിനോടുള്ള അർത്ഥനയാണ്. എന്നാൽ അവൻ തന്റെ ദുഷ്ടതയെ വിട്ടുപേക്ഷിച്ച് നല്ലൊരു ജീവിതം നയിക്കുന്നപക്ഷം അവന്റെ വാക്കുകൾ നല്ലവനായ പിതാവിനോടുള്ള അർത്ഥനയാണ്.

**സ്നേഹവാനായ ദൈവത്തിന്റെ പുത്രനായി നാം തീരുമ്പോൾ ക്രൂശുവാഹകരുടെ കുടുംബത്തിലേക്കു നാം ചേർക്കപ്പെടുന്നു.**

'ഞങ്ങളുടെ പിതാവേ' എന്ന വാക്കുകൾ ദൈവസ്വഭാവത്തെയും നമ്മുടെ ദൈവത്തോടുള്ള മനോഭാവത്തെയും കാണിക്കുന്നു. നാം ആശ്രിതമക്കളെപ്പോലെ പിതാവിന്റെയടുത്ത് ചെല്ലുന്നു. ഇതുകൂടാതെ പ്രാർത്ഥന അർത്ഥപൂർണ്ണമാകയില്ല. മുടിയനായ പുത്രന്റെ ഉപമയിലൂടെ സ്നേഹവാനായ പിതാവിനെ വരച്ചുകാട്ടുന്നു. പിതൃസ്നേഹം വിധിക്കുന്നില്ല, എപ്പോഴും പിൻതാങ്ങുന്നു, വീണ്ടെടുക്കുകയും പുനഃരധിവസിക്കുകയും ചെയ്യുന്നു. അവൻ മുറിവുകളെ സൗഖ്യമാക്കുന്നു. നാം തെറ്റിച്ചതിനെ അവൻ ശരിയാക്കുന്നു. നാം നശിപ്പിച്ചതിനെ അവൻ പുനഃസൃഷ്ടിക്കുന്നു. ആ സ്നേഹവാനായ ദൈവത്തിന്റെ പുത്രന്മാരായി നാം തീരുമ്പോൾ നാം ക്രൂശുവാഹികളുടെ കുടുംബത്തിലേക്ക് ചേർക്കപ്പെടുകയാണ്. ക്രൂശിന്റെ ചിഹ്നം ദൈവമക്കളുടെ ചിഹ്നമാണ്. ത്യാഗത്തിന്റെയും യാഗത്തിന്റെയും ജയത്തിന്റെയും താഴ്മയുടെയും രക്ഷയുടെയും അടയാളമാണ്. ഈ സ്നേഹവാനായ പിതാവിനെ സ്വർഗ്ഗത്തിലുള്ള പിതാവായിട്ടംഗീകരിക്കുന്നിടത്തോളം മാത്രമേ അവൻ നമ്മുടെ പിതാവാകുന്നുള്ളു. അതിനർത്ഥം വിശ്വാസത്താലല്ലാതെ അവന്റെ അടുക്കലേക്ക് നമുക്ക് പ്രവേശനമില്ല. വിശ്വാസം, ദൈവത്തിന്റെ നന്മയെ അംഗീകരിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു. ഭൂമിക്കുമീതെ സ്വർഗ്ഗത്തിൽ സർവ്വതിനും അർത്ഥമുണ്ടാകുന്നു.

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നത് പുല്ലിംഗമാണ്. സ്വർഗ്ഗസ്ഥ മാതാവേ എന്നു വിളിക്കരുതോ എന്നു ചോദിച്ചേക്കാം. ക്രിസ്തീയവിശ്വാസത്തിൽ ദൈവത്തെ പിതാവേ എന്നു വിളിക്കുന്നത് ലിംഗനിർണ്ണയപരമായ അർത്ഥത്തിലല്ല. മറ്റ് യാതൊരു കാരണവുമില്ലാത്ത ആദികാരണമായ തത്വമാണെന്ന യാഥാർത്ഥ്യം പ്രകടമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന വാക്കുകൾ നമുക്കു കൈവിട്ടുപോയ പിതൃഭൂമിയെക്കുറിച്ച്, നമുക്കു നഷ്ടപ്പെട്ടുപോയ ശ്രേഷ്ഠമായ ജന്മാവകാശത്തെക്കുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്നു. മുടിയനായ പുത്രന്റെ ഉപമയിലൂടെ സ്വന്തം ഭവനത്തിൽനിന്നു, പിതൃസന്നിധിയിൽ നിന്നു ഓടിയകന്നതും അതിനുശേഷമുള്ള നാശോന്മുഖമായ ജീവിതവും നമുക്കു കാണിച്ചുതരുന്നു. അവൻ അനുതാപബോധത്തിലേക്കു വന്ന് സ്വന്തം തെറ്റ് ഏറ്റുപറയുന്നതുവരെ മുടിയൻ പുത്രനെ പൂർവ്വീകമായ സന്തോഷത്തിലേക്കു യേശുനാഥൻ നയിക്കുന്നതായി കാണുന്നില്ല (ലൂക്കോ. 15:21). അവന്റെ അനുതാപപ്രകടനം പിതാവിന്റെ പക്കൽ അവന് സമ്പർക്കവും സാമീപ്യവും ഉളവാക്കി. പിതാവ് അവന്റെ പക്കലേക്ക് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അതിനുശേഷം പിതാവ് അവനെ വസ്ത്രം അണിയിച്ചു. ആ വസ്ത്രം അനുസരണക്കേടുമൂലം അവനു നഷ്ടപ്പെട്ടുപോയ ആദ്യവസ്ത്രം തന്നെയാണ്. പിതാവിന്റെ പക്കലേക്കുള്ള ആ യുവാവിന്റെ പ്രത്യാഗമനം പിതാവിന്റെ സ്നേഹമസൃണമായ കാരുണ്യം അനുഭവിക്കാനുള്ള സന്ദർഭം അവനു നൽകി. പിതാവിനോട് അവൻ പറഞ്ഞതുപോലെ ഏതിനെതിരായി അവൻ പാപം ചെയ്തുവോ ആ സ്വർഗ്ഗമാണ് അവന് പിതൃഭൂമി. സ്വർഗ്ഗത്തിലുള്ള പിതാവേ എന്നു വിളിക്കുമ്പോൾ നമ്മുടെ പിതൃഭൂമിയെക്കുറിച്ചുള്ള സ്മരണ നമ്മിൽ ഉയരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ആ രാജ്യം അവകാശമാക്കണമെങ്കിൽ നാം തിന്മയിൽനിന്നകന്ന് ദൈവത്തെപ്പോലെ ആയിതീരുകയാണ് വേണ്ടത്. ദൈവത്തിനു യോഗ്യമായ രീതിയിലുള്ള ഒരു ജീവിതം മുഖേന നമ്മുടെ സ്വർഗ്ഗീയ പിതാവിനോട് നാം സാദൃശ്യപ്പെടുവാനല്ലാതെ മറ്റൊന്നല്ല അവിടുന്നു പറയുന്നത്. കർത്താവ് കൽപ്പിക്കുന്നുണ്ടല്ലോ! 'ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ' (മത്താ. 5:48).

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ആലയം, പൗരോഹിത്യം എന്നിവ നിഷേധിച്ച് സ്നാനവും അന്യഭാഷയുമായി നടക്കുന്നവർ ക്രിസ്ത്യാനികളല്ലെന്നും അവർ ഉദ്ഘോഷിക്കുന്ന സഭ ദൈവസഭയല്ലെന്നും ഫാദർ ജോയി തേവലക്കര പറയുന്നു. യാക്കോബായ സഭയുടെ ഉപദേശമാണ് ശരിയായ ഉപദേശമെന്ന് ഷിബു പീടിയേക്കലിനെ പോലുള്ളവർ പറയുന്നു. വേദാഭിമാനിയ്ക്ക് ഇതിലെ ശരിയും തെറ്റും എന്താണെന്ന് വ്യക്തമാക്കാൻ കഴിയുമോ.**

***പാസ്റ്റർ സാബു കൊച്ചുമ്മൻ, കുണ്ടറ, മുളവന, കൊല്ലം***

ആദിമ മനുഷ്യർ കൂടാരവാസികളായി മാറിയപ്പോൾ തങ്ങളെപ്പോലെ തന്നെ തങ്ങളുടെ ദൈവത്തിനും ഒരു കൂടാരം ആവശ്യമാണെന്നു കരുതുകയും ദൈവത്തിന് കൂടാരം നിർമ്മിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. അങ്ങനെ കൂടാരദൈവങ്ങൾ ഭൂതലത്തിൽ ജന്മമെടുത്തു. ആദ്യനാളുകളിൽ ദൈവത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഈ ദൈവാലയങ്ങൾ നല്ല ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു പ്രവർത്തിച്ചിരുന്നത്. അത് അന്ന് അവരുടെ മത-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ പ്രയോജനപ്രദവുമായിരുന്നു. ഉദാഹരണമായി, യിസ്രായേല്യരുടെ മരുഭൂമിയിലെ സമാഗമനകൂടാരം. ദൈവസാമീപ്യത്താൽ നിറഞ്ഞിരുന്നു. അത് അവർക്ക് ആ നാളുകളിൽ സർവ്വവും ആയിരുന്നു. ദൈവാധിവാസം ആ ദൈവലായത്തിൽ ഉണ്ടായിരുന്നു. ദൈവത്തിന്റെ പുരോഹിതവർഗ്ഗം അവിടെ ജനത്തിനുവേണ്ടി ശുശ്രൂഷ ചെയ്തും വന്നിരുന്നല്ലോ?

എന്നാൽ ക്രമേണ കൂടാരങ്ങൾ മാറി. കലാകാരന്റെ ഭാവനയ്ക്കും കരവിരുതിനും ഒത്ത തരത്തിൽ അതിമനോഹരങ്ങളും അംബരചുംബികളുമായ ദൈവാലയങ്ങൾ ധാരാളം ഉയർന്നുവന്നു. ഈ ദൈവലയങ്ങൾ പവിത്രവും പരിശുദ്ധവും എന്ന ധാരണ പറഞ്ഞുപരത്തുകയും ചെയ്തു. ദൈവത്തേക്കാൾ സ്ഥാനം ദേവാലയങ്ങൾ കരസ്ഥമാക്കി. ദൈവാലയത്തിന്റെ മട്ടും ഭാവവും മാറി, ഉദ്ദേശശുദ്ധി നഷ്ടപ്പെട്ട്, ദൈവാധിവാസം ഇല്ലാതെ ആയപ്പോൾ പരിശുദ്ധനും, നീതിമാനുമായ ദൈവത്തിന്റെ സ്ഥാനം പാപികളും ദോഷികളുമായ പുരോഹിതവർഗ്ഗം കരസ്ഥമാക്കി. ദൈവത്തിന്റെ പാർപ്പിടം അശുദ്ധമനുഷ്യർക്ക് പാർപ്പിടമായി. അവർ സ്വയം നീതിമാന്മാരും വിശുദ്ധന്മാരുമായി ഉയർത്തപ്പെട്ടു. ജനം ദൈവത്തെവിട്ട് അവരെ ആരാധിക്കാൻ തുടങ്ങി. കന്യകാമറിയത്തിന്റെ, പുണ്യവാളന്മാരുടെ, പുണ്യവാളത്തിമാരുടെ രൂപങ്ങൾ ഉണ്ടാക്കി പീഠങ്ങൾ വച്ചു അവയ്ക്കു ആരാധനയും അവയുടെ മുമ്പിൽ വച്ചിരിക്കുന്ന നേർച്ചപ്പെട്ടികളിൽ നേർച്ചയും അർപ്പിക്കുന്ന സഭാവിഭാഗങ്ങൾ ഇന്നു ലോകത്തിൽ അനേകമാണ്. ഇപ്രകാരം നേർച്ചകളും ആരാധനകളും ആ രൂപങ്ങളുടെ മുമ്പിൽ നടത്തുമ്പോൾ അതു യഥാർത്ഥ ശക്തിക്കു ലഭിക്കുമെന്നും അതിനുള്ള പ്രതിഫലം ആ ശക്തികൾ നമുക്കു നൽകുമെന്നും മനുഷ്യരെ അവർ തെറ്റായി പറഞ്ഞു വിശ്വസിപ്പിക്കുന്നു. അതു ശരിയാണെങ്കിൽ മോശയുടെ കാലത്തു ഇസ്രായേൽ ജനം കാളക്കുട്ടിയെ ഉണ്ടാക്കി ദൈവമാണെന്നു പറഞ്ഞു ആരാധന നടത്തിയതും ശരിയെന്നുവരും. എന്നാൽ ദൈവം അതു തെറ്റാണെന്നുപറഞ്ഞ് അവരെ ദണ്ഡിപ്പിച്ചതായി ബൈബിൾ പറയുന്നു.

മേൽ പ്രസ്താവിച്ച വാദത്തിനു അവർ ചൂണ്ടിക്കാട്ടുന്ന ഉദാഹരണം വിചിത്രമാണ്. നാം നെഹ്റുവിന്റെ പ്രതിമ ഉണ്ടാക്കി, അല്ലെങ്കിൽ വരപ്പിച്ചു അതിൽ ഹാരാർപ്പണം നടത്തുമ്പോൾ യഥാർത്ഥത്തിൽ നാം നെഹ്റുവിനെത്തന്നെയാണ് ഹാരം അണിയിക്കുന്നത്. അതിലൂടെ അദ്ദേഹം സംതൃപ്തനാവുകയും ചെയ്യുന്നു. ഉദാഹരണം നല്ലത്. സത്യത്തിൽ അവിടെ സംഭവിക്കുന്ന കാര്യം അവർ മറച്ചുപിടിക്കുന്നു. നാം ഹാരം അർപ്പിക്കുന്നതു നെഹ്റുവിനല്ല. വേറൊരു മനുഷ്യൻ ജീവിക്കാൻ പണം കണ്ടെത്തുന്നതിനുവേണ്ടി ഉണ്ടാക്കിയ നെഹ്റുവിന്റെ സാദൃശ്യത്തിലുള്ള പ്രതിമയ്ക്കു മാത്രം. നെഹ്റു അതിൽ ഒരിക്കലും സംതൃപ്തനാവുകയില്ല. അവരുടെ വാദം ശരിയാണെങ്കിൽ എന്തുകൊണ്ട് നെഹ്റുവിനു ആ പ്രതിമയിൽക്കൂടി ഒന്നു ചിരിച്ചുകൂടാ.? നെഹ്റു മനുഷ്യനായതിനാൽ അതു സാധിക്കുകയില്ലാ എന്ന് അവർ പറഞ്ഞേക്കാം. എന്നാൽ ദൈവത്തിന്റെ പ്രതിമയ്ക്കു മുമ്പിൽ ആരാധന നടത്തുമ്പോഴും നേർച്ചകൾ ഇടുമ്പോഴും എന്തുകൊണ്ട് ആ പ്രതിമകൾ സന്തോഷിക്കുന്നില്ല, സംസാരിക്കുന്നില്ല, അനങ്ങി ആരാധന നടത്തുന്നവരെ അനുഗ്രഹിക്കുന്നില്ല.? മനുഷ്യനാൽ ആരാധന നടത്തപ്പെടുന്ന പ്രതിമകളെ ശക്തമായി ഒന്നടിച്ചാൽ അവ ചതഞ്ഞുപോകുന്നു. പൊട്ടിത്തകർന്നു പോകുന്നു. ദൈവശക്തി അതിൽ ഉണ്ടെങ്കിൽ ഇതു ഒരിക്കലും സംഭവിച്ചു കൂടാത്തതല്ലെ?

പുരോഹിതൻ പ്രാർത്ഥനയിൽകൂടി പച്ചവെള്ളത്തെ തീർത്ഥവെള്ളമാക്കി മാറ്റി അത് പ്രതിമയിൽ തളിച്ചാൽ അത് ദൈവമായി മാറുമെന്നു പഠിപ്പിക്കുന്ന സഭാവിഭാഗങ്ങളും ഇന്നു കുറവല്ല. ഇതു ശരിയാണെങ്കിൽ പുരോഹിതൻ ദൈവത്തെക്കാൾ വലിയവൻ അല്ലേ? കാരണം ദൈവത്തിന് തൻ സൃഷ്ടിച്ച മനുഷ്യപ്രതിമയെ ജീവനുള്ള മനുഷ്യനാക്കി മാറ്റുവാനേ സാധിച്ചുള്ളു. എന്നാൽ പുരോഹിതനു മറ്റൊരുവൻ സൃഷ്ടിച്ച വിഗ്രഹത്തെ ജീവനുള്ള ദൈവമാക്കി മാറ്റുവാൻ കഴിയുമെങ്കിൽ പുരോഹിതൻ ദൈവത്തേക്കാൾ വലിയവൻ എന്നുവരുന്നു. ബുദ്ധിയില്ലാത്ത സഹോദരവർഗ്ഗത്തെ വഞ്ചിക്കുന്ന പുരോഹിത വർഗ്ഗമേ നിങ്ങൾക്കു ഹാ-കഷ്ടം.

യേശുവിന്റെയും മറ്റും വിഗ്രഹങ്ങൾ ഉണ്ടാക്കി അതിനു ധൂപം കാണിച്ചും വിശുദ്ധ ജലം എന്നു പറഞ്ഞ് പച്ചവെള്ളത്തെ ജപിച്ച് അതിൽ തളിച്ചും, ദൈവം വിഗ്രഹത്തിനകത്തു കുടികൊണ്ടിരിക്കുന്നുവെന്നു ജനങ്ങളെ അന്ധമായി വിശ്വസിപ്പിച്ചു അവരെ അതിനു മുമ്പിൽ മുട്ടുകുത്തിച്ചും, ജനങ്ങളുടെ മനസ്സുകളെ അതിലേക്കു കേന്ദ്രീകരിച്ചും അതിനെ തൊട്ടു മുത്തിയും മെഴുകുതിരി, ചന്ദനത്തിരി എന്നിവ അതിനു മുമ്പിൽ കത്തിച്ചും - വച്ചിരിക്കുന്ന നേർച്ചപ്പെട്ടികളിൽ പണം ഇടുവിച്ചും ചെയ്യുന്ന പ്രവർത്തികൾ വിഗ്രഹാരാധന അല്ലാതെ മറ്റെന്താണ്?

ജാതികളുടെ സമ്പ്രദായത്തെ വചനത്തോടു ബന്ധപ്പെടുത്തി കത്തോലിക്ക പൗരോഹിത്യം തങ്ങളുടെ ആരാധനയിൽ ഉൾപ്പെടുത്തിയതായി പറയപ്പെടുന്നു. കത്തോലിക്കാ പുരോഹിതന് ക്രിസ്തുവിനെ സ്വർഗ്ഗത്തിൽനിന്നിറക്കി തങ്ങളുടെ ബലിപീഠത്തിൽ (മദ്ബഹാ) ബലിയർപ്പിക്കാൻ ശക്തിയുണ്ടെന്നും (Mass Celeberation of the Holy Eucharist) തുടർന്നുള്ള കൂദാശകളിൽ സൂര്യപ്രകാശാകൃതിയിലുള്ള തിരുവത്താഴപാത്രത്തിൽ (Sunburst design called monstrance) വച്ചിട്ടുള്ള (wafers) അപ്പവും വീഞ്ഞും പദാർത്ഥമാറ്റം (trans substantiation - Babylonian principle) എന്ന മായാജാലത്തിൽക്കൂടി ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നുവെന്നും പരിശുദ്ധാത്മാവും ദൈവീകത്വവും അതിൽ അധിവസിക്കുന്നുവെന്നും ഇക്കൂട്ടർ പറയുന്നു. അപ്പം (ശരീരം) ജനങ്ങൾക്കും വീഞ്ഞ് (രക്തം)പുരോഹിതനും കുടിക്കുന്നു! ക്രിസ്തുവിനെ പുരോഹിതൻ ക്രൂശിൽ തറയ്ക്കുന്ന സ്ഥലമാണ് മദ്ബഹാ - ബലിസ്ഥലം എന്ന് അറിയപ്പെടുന്നത്. എത്ര അന്ധമായ ഒരു വിശ്വാസമാണെന്ന് നോക്കുവീൻ. യാക്കോബായ സമുദായക്കാർ അതിൽ സ്വല്പം നവീകരണമുണ്ടാക്കി ക്രിസ്തുവിനെ ക്രൂശിക്കുന്നതിനു പകരം കൂദാശാസമയത്ത് മദ്ബഹയിൽ വച്ചിട്ടുള്ള അപ്പത്തിലും വീഞ്ഞിലും പരിശുദ്ധാത്മാവിനെ പൊരുന്നയിരുത്തി (ആവസിപ്പിച്ച്) പദാർത്ഥമാറ്റം (trans-substantiation-of Babylonians) എന്ന ഇന്ദ്രജാലത്തിൽകൂടി ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറ്റുന്നു. കന്യകമറിയാമിന്റെ വയറ്റിൽ വചനമായ ക്രിസ്തുവിനെ മാംസരക്തങ്ങളായി ഉത്പ്പാദിപ്പിച്ചതുപോലെ എന്നാണവരുടെ ന്യായീകരണം. ഹാ, എത്ര വിചിത്രമായ കഥ! അപ്പം വീഞ്ഞിൽ മുക്കി സഭാംഗങ്ങൾക്ക് കൊടുക്കുന്നു. അവരിൽ നിന്ന് പിരിഞ്ഞുവന്ന മർത്തോമ്മാക്കാർ സഹവർത്തനം (Con-substatiation) എന്ന വിദ്യയിൽകൂടി മദ്ബഹയിൽ വച്ചിരിക്കുന്ന അപ്പത്തിലും വീഞ്ഞിലും കൂദാശ സമയത്ത് ക്രിസ്തുവിന്റെ ശരീരവും രക്തവും സഹവർത്തിക്കുന്നുവെന്ന് പറഞ്ഞ് വിതരണം ചെയ്യുന്നു. ഇതു വേറൊരു സൂത്രവിദ്യ.

തിരുവത്താഴം ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിപ്പാൻ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു അനുസ്മരണ പ്രവൃത്തിയാണ് (1 കൊരി. 11:26) എന്ന് അപ്പോസ്തല ഉപദേശം പറയുന്നു. അപ്പോൾ ഈ ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം വചനത്തോട് കൂട്ടിച്ചേർക്കൽ നടത്തി തിരുവത്താഴത്തെ അവഹേളിക്കുകയല്ലേ? മാനുഷിക ജ്ഞാനത്താൽ ചെയ്യുന്ന പ്രവൃത്തകളിൽ കൂടി നിയമരക്തത്തെ മലിനമാക്കുന്നവർ എത്ര കഠിനമേറിയ ശിക്ഷാവിധിക്ക് പാത്രമാകുമെന്നു ചിന്തിപ്പിൻ. പുരോഗമനവാദികളായ വിഭാഗീയ സഭക്കാർ മദ്ബഹാ എന്നത് ക്രിസ്തീയമല്ലെന്നുള്ളതിനാലാണ് ആയത് തള്ളിക്കളഞ്ഞത്.

ആലയം, ബലിപീഠം, പൗരോഹിത്യം എന്നിവകകൾ യെഹൂദാ വ്യവസ്ഥിതികളാണ്. ആലയവും സഭയും രണ്ടും രണ്ടാണ്. (Temple is the body of sinners gathered to take away sins by sacrifices, where as church is the called out body of saints (EKKLESIA) ഇത് ഒരു കെട്ടിടത്തെ അല്ല സൂചിപ്പിക്കുന്നത്. പുരോഹിതൻ, ബലിപീഠം, കുന്തിരിക്കം പുകയ്ക്കൽ എന്നിവകൾ യെഹൂദാചാരങ്ങളിൽ നിന്ന് മോഷ്ടിച്ച് ക്രിസ്തീയത്വത്തിൽ ചേർക്കപ്പെട്ടവകളാണ്. പുതിയ നിയമത്തിനും ഇവകൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ആലയത്തിലെ വിശുദ്ധ സ്ഥലത്തേയും അതിവിശുദ്ധ സ്ഥലത്തേയും തിരശ്ശീലയാണ് വേർതിരിച്ചിരിക്കുന്നത് എന്നറിയാമല്ലോ. അതിവിശുദ്ധ സ്ഥലത്തിൽ മഹാപുരോഹിതൻ പാപപരിഹാര ദിനത്തിൽ മാത്രമാണ് കയറിപ്പോകുന്നത്. ഈ തിരശ്ശീല ക്രിസ്തുവിന്റെ ക്രൂശുമരണ സമയത്ത് രണ്ടായി ചീന്തിപ്പോയി (മത്താ. 27:51). വിശ്വാസികൾക്ക് മഹാപുരോഹിതനായ ക്രിസ്തുവിന്റെ ശരീരമെന്ന തിരശ്ശീലയിൽക്കൂടി (മറ്റു ബലികളോ പുരോഹിതന്മാരോ കൂടാതെ) ദൈവസന്നിധിയിൽ-കൃപാസനം-പ്രവേശിപ്പാൻ പ്രതിഷ്ഠിച്ച ജീവന്റെ പുതുവഴിയുടെ സൂചനയായിരുന്നു അത് (എബ്രാ. 10:19-22). ശരീരം സഭയെക്കുറിക്കുന്നു (കൊലൊ. 1:18). ലേവീഗോത്രത്തിൽ നിന്ന് യഹൂദാ ഗോത്രത്തിലേക്ക് പൗരോഹിത്യം മാറ്റപ്പെട്ടപ്പോൾ ന്യായപ്രമാണത്തിന് മാറ്റം സംഭവിക്കേണ്ടത് ആവശ്യം (എബ്രാ. 7:11-12). ആകയാൽ അതിവിശുദ്ധസ്ഥലമായ കൃപാസനത്തിലേക്ക് ധൈര്യമായി കടന്നുചെല്ലാൻ ഓരോവിശ്വാസിക്കും അവകാശമുണ്ട്. പിന്നെന്തിനാ അച്ചനും കപ്പിയാരും?

ന്യായപ്രമാണമെന്ന ശത്രുത്വത്തെ മാറ്റി തന്റെ ശരീരമായ സഭയിൽക്കൂടി യെഹൂദനേയും പുറജാതിയേയും ഒന്നാക്കി പിതാവിനോട് നിരപ്പാക്ക ുന്നു (എഫേ. 2:14-16). ന്യായപ്രമാണം നിറവേറ്റി നീക്കിയതായി (റോമ. 10:4; എഫെ. 2:14, 16; കൊലൊ. 2:14-17; എബ്രാ. 7:11-12, 8:7; 10:9) വചനം വ്യക്തമാക്കുന്നു. ന്യായപ്രമാണവും അതിന്റെ ആചാരങ്ങളും നീക്കപ്പെടുന്നതിനുമുൻപ് യഹൂദന്മാർക്ക് മാത്രം ഉള്ളതായിരുന്നു. (ആവ. 5:4; റോമ. 9:5; എഫേ. 2:12; ഗലാ. 2:16-21; 3:24-25) പുറജാതികൾക്ക് ന്യായപ്രമാണം ഒരുകാലത്തും നൽകപ്പെട്ടിരുന്നില്ല (റോമ. 2:14; എഫെ. 2:12; വിലാപങ്ങൾ 2:9). യഹൂദനും പുറജാതിയും ക്രിസ്ത്യാനിയാകുവാൻ നൽകപ്പെട്ടിട്ടുള്ള ഉപദേശം അപ്പോസ്തല ഉപദേശമാണ്. ഈ നിയമം ക്രിസ്തുവിന്റെ മരണശേഷമാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത് (എബ്രാ. 9:16-17). ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതിമാന്മാരാകാൻ ആഗ്രഹിക്കുന്നവർക്ക് ക്രിസ്തുവും കൃപയും ഇല്ലെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ക്രിസ്തുവും കൃപയും ഇല്ലെങ്കിൽ പാപിയുടെ ഗതി എന്താകും? (ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം എന്ത്? രക്ഷ കൃപയാൽ വരുന്നു (എഫേ. 2:8).

വർക്ക്ഷോപ്പിൽ കിടക്കുന്നതുകൊണ്ട് ഇരുമ്പുകഷണം വണ്ടി ആകില്ല. പലരും ധരിച്ചിരിക്കുന്നത് ക്രിസ്തീയ നിയമങ്ങൾ അനുസരിക്കുന്നവരാണ് ക്രിസ്ത്യാനികൾ എന്നാണ്. ബൈബിളിലെ കാര്യങ്ങളെല്ലാം വിശ്വസിക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. മറ്റു ചിലർ ധരിച്ചിരിക്കുന്നത് കർമ്മാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നവരെല്ലാം ക്രിസ്ത്യാനികളാണെന്നാണ്. എന്നാൽ യാതൊരു കർമ്മാനുഷ്ഠാനങ്ങളും ഒരുവനെ ക്രിസ്ത്യാനി ആക്കുന്നില്ല. കർമ്മാനുഷ്ഠാനങ്ങൾ ക്രിസ്തീയ വളർച്ചയ്ക്ക് അത്യാവശ്യമാണ്. എന്നാൽ അത് ആരേയും രക്ഷിക്കുന്നില്ല. നമുക്ക് ദൈവവുമായി യാതൊരു ബന്ധവുമില്ലാതെ ക്രിസ്തീയ സഭയുടെ (സംഘടനയുടെ) അംഗമായിരിക്കുവാൻ കഴിയും. ഒരു ക്രിസ്തീയ പ്രസ്ഥാനത്തിൽ അംഗമായതുകൊണ്ട് ഒരുവൻ ക്രിസ്ത്യാനി ആണെന്നു പറയാൻ നിവൃത്തിയില്ല.

എന്നാൽ ഒരു ക്രിസ്ത്യാനി ആര്? അതിനുള്ള ഉത്തരം നാം ബൈബിളിൽ നിന്ന് കണ്ടുപിടിക്കണം. അതിന്റെ ഉത്തരം നാം ഊഹിച്ചെടുക്കുന്നതല്ല. ദൈവം പറയുന്നതാണ്. വീണ്ടും ജനിച്ചവനാണ് യഥാർത്ഥ ക്രിസ്ത്യാനി. അതാണ് യേശുക്രിസ്തു നിക്കോദിമോസിനോട് പറഞ്ഞത് "പുതുതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല." മനുഷ്യൻ ജനിക്കുന്നത് പാപത്തിലാണ്. പാപത്തോടു ചായ്വുള്ളവനാണ്. വീണ്ടും ജനിച്ചവൻ പാപത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് ദൈവത്തിന്റെ അടുക്കലേക്ക് വന്നവനാണ്. വീണ്ടും ജനിക്കാത്തവൻ ജനിക്കാതിരിക്കുകയായിരുന്നു നല്ലതെന്ന് ആരോ പറഞ്ഞിട്ടുണ്ട്. വിശ്വസിച്ച് മാനസാന്തരപ്പെട്ട് വീണ്ടും ജനിച്ചവർക്ക് ദൈവം ഒരു പുതിയ ജീവിതം നൽകിയിരിക്കുകയാണ്. ക്രിസ്തുവിന്റെ മരണം വിശ്വാസത്താൽ അംഗീകരിക്കയാൽ പാപങ്ങൾ മോചിച്ചു കിട്ടിയവനത്രേ ഒരു ക്രിസ്ത്യാനി. അതുകൊണ്ട് രക്ഷിക്കപ്പെട്ടവരത്രേ സഭയുടെ അംഗങ്ങൾ

This is The Word of God I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2013 FEBRUARY



# ഹാപ്പി ഫാമിലി

തിരക്കാണ്, തിരക്കോടുതിരക്ക്. ഇതിനിടെ ജീവിക്കാനെവിടാ സമയം. കുടുംബം പോറ്റാനായി ജോലി ചെയ്യുന്നവന്റെ (ചെയ്യുന്നവളുടെ) ആത്മഗതമാണിത്. ചിലപ്പോഴൊക്കെ മുറുമുറുപ്പും. സമാധാനപരവും സന്തോഷകരവുമായ കുടുംബജീവിതം ആഗ്രഹിക്കാത്ത ആരെങ്കിലുമുണ്ടാകുമോ...? ഇല്ലെന്നാണ് ഭൂരിപക്ഷം. എന്നാൽ ജീവിക്കാൻ പലരും മറന്നുപോകുന്നുവെന്നതാണ് വാസ്തവം.

'അവർ എത്ര സന്തോഷത്തോടെയാണ് കഴിയുന്നത്. പറയുമ്പോൾ നമ്മുടെയത്ര പണമില്ല. ആഡംബര കാറില്ല, വീടില്ല. എന്തിനു പറയുന്നു ഉടുക്കാനും ഉണ്ണാനും വേണ്ടത്രയൊന്നുമില്ല.' മറ്റുള്ളവരുടെ സന്തുഷ്ടകുടുംബം കാണുമ്പോൾ പലർക്കും തോന്നുന്നതാണ്. അപ്പോഴാണ് നമുക്കൊരു കാര്യം പിടികിട്ടുക, പണമല്ല നല്ല കുടുംബത്തിനാധാരം.

നിസാർത്ഥസ്നേഹമാണ് കുടുംബത്തെ നിലനിർത്തുന്ന അടിത്തറ. സ്ത്രീയും പുരുഷനും തമ്മിൽ പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയുമുള്ള പെരുമാറ്റം സന്തോഷപൂർണമായ കുടുംബാന്തരീക്ഷം നിലനിർത്തും. ഇത് കുട്ടികളിൽ മാനസികോല്ലാസം വിടർത്തും. കുടുംബത്തിലെ ഓരോരുത്തരുടേയും പ്രവർത്തനങ്ങൾ മറ്റംഗങ്ങൾക്കുകൂടി പ്രചോദനമുണ്ടാക്കുംവിധമായിരിക്കണം. നല്ല കുടുംബത്തിന്റേയും സമൂഹജീവിതത്തിനും അടിസ്ഥാനം വിശ്വാസമാണ്. പരസ്പരവിശ്വാസമില്ലാത്ത ജീവിതത്തിൽ വിദ്വേഷത്തിന്റെ വിത്തുകൾ താനെ മുളയ്ക്കും.

തൊട്ടതിനും പിടിച്ചതിനും കുടുംബാംഗങ്ങളെ അവിശ്വസിക്കാനും പഴിപറയാനും പോയാൽ അവിടെ തകരും കുടുംബത്തിന്റെ സമാധാനം. കാക്കക്കൂട്ടിൽ കല്ലിട്ടതുപോലെയായിത്തീരും കുടുംബാന്തരീക്ഷം. നല്ല ആത്മവിശ്വാസം വേണം, എങ്കിലേ മറ്റുള്ളവരേയും നമുക്ക് വിശ്വസിക്കാനാകൂ. നമ്മുടെ കഴിവുകേടുകൾ മറ്റുള്ളവരിൽ ആരോപിക്കുന്നിടത്താണ് അവിശ്വാസത്തിന്റെ പിറവി. ഒരിക്കൽ പിടിവിട്ടാൽ വിശ്വാസത്തിന്റെ കടിഞ്ഞാൺ എന്നന്നേക്കുമായി നമ്മിൽനിന്ന് വിട്ടകലും.

കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക. അനാവശ്യമാണെങ്കിൽ അവരോടു ദേഷ്യപ്പെടാതെ കാര്യങ്ങൾ സ്നേഹപൂർവം മനസിലാക്കിക്കൊടുക്കുക. ഇത് അവരിൽ നിങ്ങളോടുള്ള ബഹുമാനം വളർത്തും.

കുട്ടികളെ അകാരണമായി വഴക്കുപറയുന്നത് അവരുടെ സ്വഭാവത്തെ വികലമാക്കുമെന്നോർക്കുക. കുട്ടികൾക്ക് തുറന്നുപറയാനുള്ള അവസരവും മനോഭാവവും പെട്ടെന്നുള്ള ക്രോധത്താൽ ഇല്ലാതാകും. പങ്കാളിയുടെ ആവശ്യങ്ങളിലും സമാനരീതിതന്നെ അവലംബിക്കുക.

നിങ്ങൾ ഉത്തരവാദിത്വമുള്ള കുടുംബനാഥനാണോ...? എങ്കിൽ നിങ്ങളിൽ സ്നേഹമുണ്ടാകും, പരസ്പര ബഹുമാനമുണ്ടാകും, വിശ്വാസമുണ്ടാകും, സമാധാനമുണ്ടാകും. തിരിച്ചറിവാണ് ഉത്തരവാദിത്വബോധമുണർത്തുന്നത്. ജീവിത നിമിഷങ്ങളെ ഓരോന്നായി തിരിച്ചറിഞ്ഞ് വിവേകത്തോടെ പെരുമാറുക. സന്തോഷകരമായ ഒരു ജീവിതം പടുത്തുയർത്താൻ നിങ്ങൾക്കാകും.

## ചിരിയും ചിന്തയും

വീട്ടിൽ കയറിയ കള്ളനെ കീഴടക്കി സഭാനേതാവ് ചോദിച്ചു. എന്തുവേണം? ഡോളർ, യൂറോ, രൂപാ, വസ്ത്രം?

കള്ളൻ : ഒന്നുംവേണ്ട. കഴിക്കാൻ എന്തെങ്കിലും തന്നാൽ മതിയേ.

നേതാവ് : എന്തുവേണം. ചിക്കൻ ബിരിയാണി, ഫ്രൈഡ് റൈസ്, നെയ്റോസ്റ്റ്....?

കള്ളൻ : അതൊന്നും വേണ്ട. ഇത്തിരി കഞ്ഞിമതിയേ.

നേതാവ് : കഞ്ഞിയോ? ഏതു കഞ്ഞി. വെള്ളയരി കഞ്ഞി, പുഴുക്കലരിക്കഞ്ഞി, പൊടിയരിക്കഞ്ഞി, ഉലുവാക്കഞ്ഞി....

കള്ളൻ : ദാഹിക്കുന്നു, ഇത്തിരി വെള്ളം കിട്ടിയെങ്കിൽ.

നേതാവ് : വെള്ളമോ, ഏതു വെള്ളം? കരിക്കിൻ വെള്ളം, നാരങ്ങാവെള്ളം, സോഡാ, കൊക്കക്കോള...

കള്ളൻ : ദയവുചെയ്ത് എന്നെ പോകാൻ അനുവദിക്കാമോ?

നേതാവ് : എങ്ങനെപോകും? കാറിൽ പോണോ, ബൈക്കിൽ പോണോ, ഓടിപോണോ....

കള്ളൻ : എന്നെ അങ്ങ് കൊന്നുതരാമോ?

നേതാവ് : എന്തുകൊണ്ട്. ഉപദേശം, പ്രസംഗം, കൗൺസലിങ്...

നേതാവ് പ്രസംഗം തുടരുന്നതിനിടയിൽ കള്ളൻ പിടിവിട്ട് ഓടി. ഓടുന്നതിനിടയിൽ അയാൾ വിളിച്ചു പറഞ്ഞു. നീ കള്ളന്റെ കള്ളനാണ്. നിന്റെ ധനം നിന്റെ നാക്കാണ്. ഞാൻ ഒരിക്കൽക്കൂടെ വരും. അന്ന് നിന്റെ നാവ് ഞാൻ മോഷ്ടിക്കും.




ക്രിസ്തീയ ജീവിതത്തിലെ പ്രത്യാശയാണോ ശുശ്രൂഷകന്മാരെയും നേതാക്കളെയും ഉറപ്പിച്ചുനിർത്തുന്ന പ്രചോദനം.
*ജോർജ്ജ് കുര്യൻ, കാരക്കോണം, തിരുവനന്തപുരം*

☹ **തൊഴിലുറപ്പ്, പണമുറപ്പ് പദ്ധതികളാണ് ആകർഷിച്ച് ഉറപ്പിച്ചു നിർത്തുന്നത്.**

☺ ലോകാവസാനം എന്നാണെന്ന് പറയാൻ സാധിക്കില്ല. അതുപോലെയല്ലേ ജീവിതാവസാനവും.
*ജോയി സാമുവേൽ, പൈങ്ങുട്ടി, പിറവം*

☹ **ശക്തിയും യുക്തിയും സമ്പത്തും തീർന്നാൽ ജീവിതാവസാനമായി.**

☺ ആത്മീയം വഴിതെറ്റിയാൽ
*സാജു മാത്യു, നെല്ലിമുകൾ, തുവയൂർ*

☹ **വട്ടാകും.**

☺ എപ്പോഴാണ് സ്നാനപ്പെടേണ്ടത്.
*ബെന്നി ഫിലിപ്പ്, കടമ്പനാട് നോർത്ത്, അടൂർ*

☹ **ബുദ്ധിയിൽ വചനം ഉറച്ചാൽ ഉടൻ.**

☺ ഭൂരിപക്ഷത്തിനും ദൈവം എന്നാൽ...
*സാമുവേൽ ബാബു, കന്നിമല, വയല, പുതുശ്ശേരി*

☹ **കാര്യസ്ഥനാണ്.**

☺ ജനത്തിനു നല്ല ഉപദേശം കൊടുക്കുന്നവർ നല്ല ജീവിതത്തിനാവശ്യമായ ഭൗതീക ഘടകങ്ങൾ പങ്കുവയ്ക്കാത്തതെന്താ.
*എലിസബത്ത്, മണ്ണുത്തി, തൃശ്ശൂർ*

☹ **ഉപദേശം ജനത്തിനും ജീവിതം പ്രസംഗിക്കുന്നവനും എന്നതാണ് ഇവിടുത്തെ ഒരു രീതി.**

☺ ആത്മാവെന്ന മരം കിളിർത്തു പടർന്നുപന്തലിച്ചു. പക്ഷെ ഫലം മാത്രമില്ല. എന്തുചെയ്യും.
*ടി.കെ. പ്രേമജൻ, വട്ടക്കാവ്, വേലപ്ര, കോന്നി*

☹ **വെട്ടി ചിതയൊരുക്കുക.**

☺ പെന്തക്കോസ്ത് യുവജനങ്ങൾപോലും പാടിനടക്കുന്നത് വട്ടായിപ്പോയേ എന്ന സിനിമാപാട്ടാണ്. ഇങ്ങനെയുള്ള പാട്ടുകൾ പാടുന്നത് തെറ്റല്ലേ.
*ഗ്രേസി ഫിലിപ്പ്, തേവലപ്പുറം, പുത്തൂർ, കൊട്ടാരക്കര*

☹ **എന്തു തെറ്റ്. അവരുടെ ഇപ്പോഴത്തെ നിലവാരത്തിനൊത്ത പാട്ടുതന്നെയാണിത്**

## വിജ്ഞാനവേദി

ഒരു ദൈവമുണ്ടോ? ദൈവമാണോ ഇതൊക്കെ സൃഷ്ടിച്ചത്? മരണാനന്തരം ഒരു ജീവിതമുണ്ടോ? തുടങ്ങി അനേക ചോദ്യങ്ങൾക്ക് ടൈറ്റസ് കാർത്തികപ്പള്ളി വ്യക്തവും ആധികാരികവും ശാസ്ത്രീയവുമായി വിശദീകരണം നൽകുന്ന പുസ്തകം.

**ശാസ്ത്രം-ചരിത്രം-മതം-ക്രിസ്തു**

ദൈവത്തെക്കുറിച്ചും സാത്താനെക്കുറിച്ചും, സ്വർഗ്ഗ-നരകങ്ങളെക്കുറിച്ചും അറിയേണ്ടതെല്ലാം ഒരു പുസ്തകത്തിൽ. പ്രമുഖ ക്രിസ്തീയ സാഹിത്യകാരൻ ടി.എം. വർഗ്ഗീസിന്റെ വേദപുസ്തകാധിഷ്ഠിത പഠനം.

**സ്വർഗ്ഗവും നരകവും അദൃശ്യജീവികളും**

ആയിരങ്ങൾ ഹൃദയപൂർവ്വം ഏറ്റുവാങ്ങിയ; അനേകരെ രക്ഷയിലേക്ക് വഴിനടത്തിയ ടൈറ്റസ് കാർത്തികപ്പള്ളിയുടെ അനുഭവസാക്ഷ്യം.

**യുക്തിയും വിശ്വാസവും**

ശാസ്ത്ര-ചരിത്ര-മതപരമായ വിശദീകരണങ്ങളിലൂടെ എന്താണ് സുവിശേഷം എന്ന് വ്യക്തമാക്കുന്ന ടൈറ്റസ് കാർത്തികപ്പള്ളിയുടെ പ്രസംഗം.

**മതാതീനമായ ചരിത്രപുരുഷൻ**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally